fullfilling the great commission...

# ദി സോൾ വിന്നർ

THE SOUL WINNER

OCTOBER 2017 | VOLUME 5 | ISSUE 2

അക്ഷരം ആത്മരക്ഷയ്ക്ക് വാർത്താപത്രിക

## തട്ടിക്കൊണ്ടുപോയ പാസ്റ്ററുടെ മകനെ മോചിപ്പിച്ചു



ഡൽഹി: ഐപിസി ഡൽഹി സ്റ്റേറ്റ് ശുശ്രൂഷകനായ പാസ്റ്റർ സേവ്യർ മാത്യുവിന്റെ മകൻ അഭിഷേക് സേവ്യറിനെ തട്ടിക്കൊണ്ടുപോയ അജ്ഞാതസംഘത്തിൽ നിന്നും പോലീസ് മോചിപ്പിച്ചു. ചോളത്തിന്റെ പാടത്തായിരുന്നു അഭിഷേകിനെ ബന്ധിയായി പാർപ്പിച്ചിരുന്നത്. പോലീസ് വേഷം മാറി പണം നൽകാമെന്ന വാക്കിന്റെ അടിസ്ഥാനത്തിൽ സ്ഥലത്തെത്തുകയും പണം അടങ്ങിയ ബാഗ് ഒരാൾ എറിഞ്ഞുകൊടുക്കുകയും ചെയ്തു. ആ വ്യക്തിയെ സംഘം വെടിവെക്കുകയും ചെയ്തു. തൽക്ഷണം പോലിസ് പുറകിൽ നിന്നും സംഘത്തെ കീഴടക്കി അഭിഷേകിനെ മോചിപ്പിക്കുകയായിരുന്നു. വെടിയേറ്റ വ്യക്തിയുടെ നില ഗുരുതരമാണെന്നാണ് പോലിസിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ട്.

സംഭവത്തിൽ കേന്ദ്രഗവൺമെന്റിന്റെ ശക്തമായ ഇടപെടൽ ഉണ്ടായിരുന്നതുകൊണ്ടാണ് മോചനം സാധ്യമായത്. പോലിസ് അഭിഷേകിനെ തട്ടിക്കൊണ്ടു പോയി പാർപ്പിച്ചിരുന്ന സ്ഥലത്ത് നിന്നും രക്ഷപ്പെടുത്തുകയായിരുന്നു. കോളെജിൽ നിന്നും വീട്ടിലേക്ക് വരുന്നവഴിയാണ് അഭിഷേകിനെ കാണാതാകുന്നത്. വൈകുന്നേരം നാല് മണിക്ക് വീടിനടുത്തുള്ള ബസ് സ്റ്റോപ്പിൽ ഇറങ്ങിയശേഷം ഭവനത്തിലേക്ക് ഫോൺ ചെയ്യുകയും പത്ത് മിനിറ്റിനുള്ളിൽ വീട്ടിൽ വരുമെന്ന് അറിയിക്കുകയും ചെയ്തതിനുശേഷമാണ് കാണാതാകുന്നത്.

തുടർന്ന് മാതാപിതാക്കൾ സഭാനേതൃത്വവുമായി ബന്ധപ്പെടുകയും തൽഫലമായി ഐപിസി സ്റ്റേറ്റ് ജനറൽ സെക്രട്ടറി പാസ്റ്റർ കെ.സി ജോണും, പിവൈപിഎ സംസ്ഥാന പ്രസിഡന്റ് സുധി കല്ലിങ്കലും നേരിട്ട് രാജ്യസഭാ ഉപാധ്യക്ഷൻ പ്രൊഫസർ പി.ജെ കുര്യനുമായി ബന്ധപ്പെടുകയും ചെയ്തു. പ്രൊഫ പി.ജെ കുര്യൻ അടിയന്തിരമായി കേന്ദ്ര ആഭ്യന്തര മന്ത്രി രാജ്നാഥ് സിംങ്ങിനോട് ഫോണിലൂടെ ശക്തമായ ഇടപെടൽ ആവശ്യമാണെന്ന് അറിയിച്ചു. കേന്ദ്രമന്ത്രിയായ അൽഫോൺസ് കണ്ണന്താനത്തെ ഈ വിഷയം സഭാനേതൃത്വം അറിയിച്ചതിനുശേഷം ഹരിയാന മുഖ്യമന്ത്രി മോഹർലാൽ കത്തറുമായി സംസാരിക്കുകയും ഈ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുകയും ചെയ്തു.

## റവ. വി. റ്റി. ഏബ്രഹാം അസംബ്ലിസ് ഓഫ് ഗോഡ് ജനറൽ സൂപ്രണ്ട്



സൗത്ത് ഇന്ത്യ അസംബ്ലീസ് ഓഫ് ഗോഡിന്റെ ജനറൽ സൂപ്രണ്ടായി റവ. ഡോ വി.റ്റി. ഏബ്രഹാമിനെ തിരഞ്ഞെടുത്തു. മഹാരാഷ്ട്ര, തെലുങ്കാന, ആന്ധ്രപ്രദേശ്, കർണ്ണാടക, ഗോവ, പുതുച്ചേരി, തമിഴ്നാട്, കേരളം എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികളുടെ ജനറൽ കൗൺസിൽ റവ. പോൾ തങ്കയ്യ (കർണ്ണാടക), റവ. കെ. ജെ. മാത്യു (പുനലൂർ), റവ. ഡോ. രാജശേഖരൻ (തമിഴ്നാട്), റവ. തിമോത്തി റാവു (തെലുങ്കാന) എന്നിവരെ ഭരണസമിധി അംഗങ്ങളായി തിരഞ്ഞെടുത്തു.

## ഇറ്റാർസി കൺവൻഷൻ ഒക്ടോബറിൽ




ഇറ്റാർസി (മദ്ധ്യപ്രദേശ്): ഫെലോഷിപ്പ് ഓഫ് പെന്തക്കോസ്തൽ ചർച്ച് ഓഫ് ഗോഡിന്റെ ജനറൽ കൺവൻഷൻ ഒക്ടോബർ 17 മുതൽ, സഭയുടെ കൺവൻഷൻ ഗ്രൗണ്ടിൽ വച്ചു നടത്തപ്പെടും.

17 ന് സഭാ പ്രസിഡന്റ് ഡോ. മാത്യു കെ. തോമസ് ഉദ്ഘാടനം ചെയ്യും. എട്ട് ദിവസങ്ങളിലായി നടക്കുന്ന മീറ്റിംഗുകളിൽ പ്രശസ്ത പ്രഭാഷകരും അധ്യാപകരും വചനശുശ്രൂഷ നിർവ്വഹിക്കും. സെമിനാരി ക്വയർ ഗാനങ്ങൾ ആലപിക്കും.

1940–1950 കാലഘട്ടങ്ങളിലാണ് ഡോ. കുര്യൻ തോമസ് പ്രവർത്തനങ്ങൾ ആരംഭിച്ചത്. ആദ്യകാല ബൈബിൾ കോളെജ് പഠനം പൂർത്തിയാക്കി കർത്ത്യദാസൻ വിവിധ പ്രസ്ഥാനങ്ങളിൽ ചേർന്നു സ്വതന്ത്രമായോ ആയിരുന്നു പ്രവർത്തിച്ചിരുന്നത്. അവരുടെ ആവശ്യപ്രകാരമായിരുന്നു വർഷത്തിലൊരിക്കൽ പൂർവ്വവിദ്ാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് കൺവൻഷൻ തുടങ്ങിയത്. പിന്നീട് പെന്തക്കോസ്ത് സഭകളിൽ തന്നെ ഒരു പൊതു ഫെലോഷിപ്പായി റജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.

വടക്കേ ഇന്ത്യയിലെ ഏറ്റവും പുരാതനവും അറിയപ്പെടുന്നതുമായ കൺവൻഷൻ ആണ് ഇറ്റാർസി കൺവൻഷൻ.

## നാബൽ ഘുറിഷ് കർത്ത്യസന്നിധിയിൽ



പാക്കിസ്ഥാൻ/ അമേരിക്ക: സുപ്രസിദ്ധ സുവിശേഷകനും മുമ്പ് മുസ്ലീം മതവിശ്വാസിയുമായിരുന്ന നാബൽ ഘുറിഷ് കർത്ത്യസന്നിധിയിൽ ചേർക്കപ്പെട്ടു. ഉദരത്തിലെ ക്യാൻസർ രോഗത്താൽ പീഢിതനായിരുന്നു ഘുറിഷ്.

പാക്കിസ്ഥാൻ വേരുള്ള ഒരു അമേരിക്കൻ കുടുംബത്തിലായിരുന്നു ജനനം. മെഡിക്കൽ സ്കുളിൽ വെച്ചുള്ള ഒരു സംവാദ പരിപാടിയിലാണ് ഘുറിഷ് ക്രിസ്തീയ വിശ്വാസിയാകുന്നത്. (ടലലസശിഴ അഹഹമ, എശിറശിഴ ഖലൗെ) അള്ളഹുവിനെ അന്വേഷിച്ചു, ക്രിസ്തുവിനെ കണ്ടെത്തി എന്ന തന്റെ ജീവചരിത്രത്തിൽ തന്റെ മാനസാന്തര അനുഭവങ്ങൾ വളരെ വിശദമായി വായിക്കാവുന്നതാണ്.

ഈ കാലയളവിലാണ് ഘുറിഷ് പ്രസിദ്ധ സുവിശേഷകനും, വാഗ്മിയും, പ്രസംഗകനുമായ പാസ്റ്റർ രവി സക്കറിയയുമായി ബന്ധപ്പെടുന്നതും പിന്നീട് മിനിസ്ട്രിയുടെ ഭാഗമായി തീരുകയും ചെയ്തു. ഏറ്റവും നല്ല പ്രസംഗകനെന്നാണ് ഘുറിഷിനെ പാസ്റ്റർ രവി സക്കറിയ പരിചയപ്പെടുത്തുന്നത്.

മെഡിക്കലിൽ സ്കൂളിൽ നിന്നും മാസ്റ്റർ ഡിഗ്രിയും, യൂണിവേഴ്സിറ്റിയിൽ നിന്നും ക്രിസ്ത്യൻ അപ്പൊളജസ്റ്റിക്കിലും, ഡക്ക് യൂണിവേഴ്സിറ്റിയിൽ നിന്നും റിലീജിയൻ എന്ന വിഷയത്തിലും ബിരുദം നേടിയിട്ടുണ്ട്. 34-ാം വയസ്സിലായിരുന്നു അന്ത്യം. ജീവചരിത്രം കൂടാതെ പ്രശസ്തമായ മറ്റ് അനവധി പുസ്തകങ്ങളും രചിച്ചിട്ടുണ്ട്.

GRACE HIGHER SECONDARY SCHOOL

SURANA NAGAR, BARWAHA, KHARGONE (DIST), M.P.




TEACHERS WANTED

Grace Higher Secondary School located at Khargone district, in Madhya Pradesh is an English Medium School under M. P. State Board, managed and run under Soul Winners India Foundation invites application from the qualified teachers to fill the following vacancies:

1. **TEACHERS: From nursary to 12th class** for subject English, Math Matics, Biology, Chemistry, Physics and Computers.
2. **QUALIFICATION:** Higher Secondary School teachers should have a B.Ed qualification while middle school teachers should have a D.Ed qualification.
3. **WARDEN:** For children's home with 40 children.

Late REV. K. G. EASO (Founder)





SHAJU EASO (Director)

Pastors and theological graduates who are interested to do ministry along with the teaching profession can also apply.
Interested candidates can email their resume at: shajueaso@gmail.com

SHAJU EASO (DIRECTOR) | GRACE HIGHER SECONDARY SCHOOL
SURANA NAHAR | KANDWAHA DIS | MADHYA PRADESH
Email: shajueaso@gmail.com | Phone: 09981671169

## A WORD FROM THE PRESIDENT



BRO. DANIEL EASO

# HABAKKUK'S AGAONY

*If you are in the middle of your divine delay, be strong, be stable, the best days are still to come, so beheld and stand firm in your middle, there is no shame, there is no guilt in your middle, do not give way to that.*

In Habakkuk Chapter 1:1-4 Habakkuk says, "How long, Lord, must I call for help, but you do not listen? Or cry out to you, 'Violence!' but you do not save? Why do you make me look at injustice? Why do you tolerate wrongdoing? Destruction and violence are before me; there is strife, and conflict abounds. Therefore, the law is paralyzed, and justice never prevails. The wicked hem in the righteous, so that justice is perverted." I want to talk about a season of life or a zone of life through which many of you are going, but perhaps don't know what to call it. Habakkuk is in this season of life. The term for it is agony of divine delay. This is the time in our life when we feel like stop light is here, God does this to us, where we feel just like Habakkuk felt, where we feel that we are doing what God has called us to do but there are no results, which was also Habakkuk's case, he is prophet but what he was prophesying is not coming true. He had prophesized about the judgement of God on people but the judgement wasn't falling on them. In fact, the people who were supposed to be suffering based on his prophecy, were flourishing and doing well. Justice was a joke it seemed, and anarchy and war, unrest, and lawlessness was braking out everywhere, contrary to his prophecy that it would change and it was not changing. This season of his life was in years.

He is trying to describe a zone of life. Many of us are in this zone today, this is the zone between the tragedy, difficulty and problems which occur in our life and God between that time and the time when God shows up, this is the gap we call divine delay. It's divine delay, it's a delay because it's not if God doesn't know you are in trouble and you need help now. It's a season of life where we feel like God seems like deaf or blind, uncaring and uncompassionate to what we are going through down here in our world and we wonder where God went and where is He. There are millions of people still recovering from Hurricane Harvey, they are going through this zone of life, where you hope God comes through, but you don't see any divine intervention, it feels like it's that red light putting your life on hold.

In the life of Joseph, we could see this zone or divine delay, the time between him seeing a dream from God and telling his brothers about the dream, from that moment to becoming prime minister of Egypt. He went through a terrible season of life, where he felt God didn't intervene, God didn't show up, God didn't deliver him. He was so concerned that his time was not ending, we can even see at one point when he tries to tell cupbearer of the king, "remember me", because the cupbearer was getting an early release from jail, the person he was in jail with, "when you get back to the presence of Pharaoh, mention my name, I shouldn't be here." He is trying to take it into his own hand because what else you could do, when you don't feel that God sees you or God is coming through for you.

This is the same for many of you who are going through this season of the life. The divine delay zone, the zone where you are waiting for God to show up for a breakthrough, is the place of greatest miracle in life in us. This is also the greatest time of fear, instability, disorientation, frustration and it's also when guilt and shame most function. This is the zone of life when many people can't take it anymore and quit, they quit worshipping God because they don't feel to worship Him, they feel that God is not listening or caring for them anymore. When we read Joseph's story, we only want to see his happy ending, but we forget or completely disregard that there was a long hard time period between him seeing the dream and becoming prime minister. We love to read the beginning and the end of the story but we don't like the middle of the story. Don't forget that there was 40 years of suffering for Moses, we also see that Job's story had a happy ending but don't forget his sufferings. So many times, people like Job quit in-between because of the friends, his friends tried to explain and tell him for days and days that he is going through all these, "it's because of something you forgot", "someone you were unkind to", "someone who was poor and you didn't help", and they all coming up with theories.



Today, in our churches and in Christianity we need champions from this zone, we need heroes from the middle to stand up and say, I don't know what the outcome is, like Job said, "Though he slay me, yet will I hope in him; I will surely defend my ways to his face." (Job 13:15). The greatest miracle in your life take place in this zone. The miracles through you can never be bigger than miracle in you. God wants to do amazing things through you but He wants to make sure what He wants to do through you, is first, establish in you. The miracle that happen of that nature, only happen in the delay zone, in the middle zone. The problem with the middle zone is, that we don't know how big the middle is? You can only calculate the middle, you can see both sides. Are you in the beginning of the middle? Or, are you in the middle of the middle, because this is what the people affected by Harvey are wondering too. We are now thrust into this middle. The problem with the middle zone is, we don't know where we are? Is this going for a day, for a week, for a month or for a year, we don't know? If it's divine delay then it's intentional because nothing can delay God. It is intentional for God to do that to Joseph, to do that to Habakkuk, to that do to Job. It was very hard for them and for many of us to love and worship and serve a God who is intentionally not showing up for us. The only thing we know is that God's timing is perfect.

We need to build churches and build Christianity that is so strong, so stable and so durable that it can stand all of Habakkuk's complaints, it can stand Job's frustrations, it can stand Joseph's aloneness when he cries himself to sleep in his cell at night and still no divine intervention. You can be so frustrated with this divinity which seems absent. We need to build churches and Christianity that can stomach and deal with the people who are going through these hard times and delay zones. Because we want to have champions from the middle, we want heroes who can stand up and say, "I am going through something right now, I don't know the answer, I am not sure or the outcome was not the one I hoped for, here what I learned, here what I figured out, I saw something when I was down there, something happening inside me, I don't know what to call it, now I am better human being, a better human. I understand more than ever I did what it means to be compassionate and loving, my empathy level is off the charts because I decided not to fast track through it and pretending it wasn't happening." Our faith must be real enough, our God must be real enough to anybody in this world today.

We need to build churches and Christianity today, where you can say to your friends and family who are going through stuff, 'come as you are'. They may say, 'I don't know if I can be around church, I don't know if I can be there around singing and show happiness', and you can say, 'you don't know our church or our Christianity, you need to come as you are, we got hundreds of people in that zone of life, and they are finding comfort and strength in church, with people on their side'. Let's let Joseph speak in his middle zone, let's let Job speak in his middle zone, because that's where most of us are taken out.

If you are in the middle of your divine delay, be strong, be stable, the best days are still to come, so beheld and stand firm in your middle, there is no shame, there is no guilt in your middle, do not give way to that. God is with you. God is more than able and more than large and stable in heart to accept and love and grow and build you as you are today. Don't forget, God is raising up champions and heroes from this divine delay zone. •



പീരുമേട് ക്ലീറ്റസ്



# ക്രൂശിനെ നോക്കിയോ നാം അനുതപിക്കേണ്ടത്?

**നാം ക്രൂശിനെ ഓർത്ത് സഹതപിക്കുമ്പോൾ, യേശു നമ്മോടാവശ്യപ്പെടുന്ന ഒരു കാര്യം, നിങ്ങൾക്ക് എന്നോടൊപ്പം ക്രൂശീകരിക്കപ്പെടാൻ മനസുണ്ടോ എന്നാണ്. നാം കേവലം ക്രൂശിന്റെ ചുവട്ടിൽ നിൽക്കുന്നവരായിട്ടല്ല. മറിച്ച് ക്രൂശീകരിക്കപ്പെടാൻ മനസുള്ളവരായിരിക്കണം.**

മത്തായി സുവിശേഷം 16-ാം അദ്ധ്യായത്തിന്റെ 24-26 വരെയുള്ള വാക്യങ്ങൾ- പിന്നെ യേശു ശിഷ്യന്മാരോട് പറഞ്ഞു: ഒരുത്തൻ തന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ചു തന്റെ ക്രൂശു എടുത്തു എന്നെ അനുഗമിക്കട്ടെ. ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും. എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാൽ അതിനെ കണ്ടെത്തും.

കർത്താവായ യേശുക്രിസ്തു തന്റെ പരസ്യ ശുശ്രൂഷ കാലയളവായ മൂന്നര വർഷത്തിന്റെ സമാപന സമയത്തൊരിക്കൽ, തന്റെ ക്രൂശികരണത്തെക്കുറിച്ച് ശിഷ്യന്മാർക്ക് മുന്നറിയിപ്പ് നൽകുന്ന പശ്ചാത്തലമായിരുന്നു മുകൾ കുറിച്ചിരിക്കുന്ന വാക്യത്തിലെ വചനങ്ങളെ രേഖപ്പെടുത്തിയിരിക്കുന്നത്. പത്രൊസും, യോഹന്നാനും, യാക്കോബും ഉൾപ്പടെ 12 പേരെയും യേശുതന്നെയാണ് തന്റെ ശിഷ്യന്മാരായി തിരഞ്ഞെടുത്തത്. ഈ വാക്യങ്ങളിലെ അർത്ഥങ്ങൾക്ക് സമാനമായ പല ഉപദേശങ്ങളും, നിർദ്ദേശങ്ങളും ശിഷ്യന്മാർക്ക്, തിരഞ്ഞെടുപ്പ് വേളയിൽ തന്നെ യേശു പറഞ്ഞിരുന്നു. ഉദാഹരണമായി, ലൂക്കോസ് 5-ാം അദ്ധ്യായത്തിലെ ശിമോനെ യേശു തന്റെ ശിഷ്യനാക്കുന്ന കഥാ സംഭവത്തിൽ യേശു ശിമോനോട്: ഭയപ്പെടേണ്ട, ഇന്നു മുതൽ നീ മനുഷ്യരെ പിടിക്കുന്നവൻ ആകും എന്നു പറഞ്ഞു. പിന്നെ അവർ പടകുകളെ കരയ്ക്കു അടുപ്പിച്ചിട്ടു സകലവും വിട്ടു അവനെ അനുഗമിച്ചു. ഇവിടെ യേശുവിനെ അനുഗമിക്കുന്ന വേളയിൽ തന്റെതെല്ലാം ത്യജിക്കുന്നതായി കാണാൻ കഴിയും. തീർച്ചയായും ശിഷ്യത്വ തിരഞ്ഞെടുപ്പു ഘട്ടത്തിൽ തന്നെ യേശു പറയുന്ന ഇത്തരം ഉപദേശങ്ങളുടെ യുക്തി നമുക്ക് മനഃസിലാക്കാം. ഇവിടെ യേശു സമാപനത്തിൽ പറയുന്നു എന്നതാണഅ നാം ഗൗരവമായി കാണുന്നത്. എന്തായിരിക്കാം യേശു അവസാനസമയത്ത് തന്റെ യഥാർത്ഥ ശിഷ്യൻ ആരായിരിക്കാം എന്ന് പറയാൻ കാരണം ആയത്. ശിഷ്യരായി തിരഞ്ഞെടുത്തവരാണല്ലോ പന്ത്രണ്ടു പേരും. ഇവർ നാളിതുവരെ ശിഷ്യരായി തീർന്നില്ലേ?

ആധുനിക ക്രൈസ്തവ സമൂഹം ക്രൂശിനെ വർത്തമാനത്തിൽ മഹത്വവത്കരിച്ച് പറയുന്നുണ്ടെങ്കിലും കഷ്ടപ്പാടിന്റെയും, വേദനയുടെയും അപമാനത്തിന്റെയും എതിർപ്പിന്റെയും പീഢനത്തിന്റെയും ക്രൂശ് വഹിക്കാൻ മനഃസില്ലാത്തവരാണ്. അതിന് ഒരു പരിധിവരെ കാരണമായിട്ടുള്ളത്, ഉപദേഷ്ടക്കന്മാരും, പ്രസംഗകരും, പുരോഹിതന്മാരുമാണ്. അതായത് ക്രൂശില്ലാത്ത ക്രിസ്തുവിനെയാണ് ഇന്നത്തെ ഉപദേഷ്ടാക്കൾ ശ്രോതാക്കൾക്കായി പരിചയപ്പെടുത്തുന്നത്.

കർത്തൃമേശ വേദികളിമാണല്ലോ നാം സാധാരണയായി യേശുവിന്റെ ക്രൂശികരണത്തെ കൂടുതലായി സ്മരിക്കാറുള്ളത്. യേശു തന്റെ ശരീരത്തിൽ വഹിച്ച പീഢനങ്ങൾ ഓരോന്നായി എണ്ണി എണ്ണി പറഞ്ഞാന്നല്ലോ നാം ദൈവസന്നിധിയിൽ അനുതപിക്കുകയും കരയുകയും ചെയ്യുന്നത്.

ഒന്ന് കുറയെ 39 അടി ചാട്ടവാറുകൾ കൊണ്ട് ഏറ്റു. ഈർച്ച കട്ടികളാലും ചൂണ്ടകൊളുത്തുകളാലും നിറയപ്പെട്ട ചാട്ടവാറിന്റെ ഓരോ അടി കഴിഞ്ഞിട്ട് അടുത്ത അടിക്കായി ചാട്ടവാർ ഉയർത്തുമ്പോൾ, ഈർച്ച കട്ടികളാൽ ചതയ്ക്കപ്പെട്ട മാംസ ഭാഗങ്ങൾ ചൂണ്ടകൊളുത്തുകളാൽ കൊത്തി വലിച്ചെടുക്കും. നാണയത്തുട്ടുകൾ കൂട്ടിപ്പിടിച്ച് രോമങ്ങൾ പിഴുതെടുത്തു. ശരീരം മുഴുവൻ ഉഴവുചാലുപോലെ കീറപ്പെട്ടു. യെശയ്യാപ്രവചനത്തിൽ പറയുന്നത് കണ്ടാൽ ആളല്ല എന്ന് തോന്നുമാറ് യേശുവിന്റെ ശരീരം വികൃതമായിപ്പോയി. തീർച്ചയായും യേശു തന്റെ തിരുശരീരത്തിൽ ഏറ്റ ഉപദ്രവം അത് അവർണ്ണനീയമാണ്. ഞാൻ ഈ കുറിപ്പുകൾ എഴുതുമ്പോൾ തന്നെ എന്റെ കണ്ണുകൾ നനഞ്ഞിരുന്നു. തീർച്ചയായും യേശു നമുക്ക് വേണ്ടി തന്റെ തിരുശരീരത്തിൽ അനുഭവിച്ച വേദന ഓർത്താൽ ഹൃദയം ഉള്ള ഒരു മനുഷ്യനും കരയാതിരിക്കാൻ കഴിയില്ല.

എന്നാൽ നാം ക്രൂശിന്റെ ചുവട്ടിൽ നിന്നുകൊണ്ട് ക്രൂശിക്കപ്പെട്ടവന്റെ തിരുശരീരത്തിലെ പീഢകൾ ഓർത്തിട്ട്, അതിലാണോ അനുതപിക്കേണ്ടത്. യേശുവിനോട് നമുക്ക് ഉളവാകുന്ന ഈ സഹതാപമാണോ യേശു നമ്മിൽ നിന്നും ആഗ്രഹിക്കുന്നത്. യഥാർത്ഥത്തിൽ യേശുവിന് നമ്മുടെ സഹതാപമാണോ വേണ്ടത്. നമുക്ക് അനുതാപവും പശ്ചാത്താപവും ഉണ്ടാകേണ്ടത് കേവലം യേശു സഹിച്ച വേദനയിലാണോ?

തന്റെ ശിഷ്യനായിരിക്കുവാൻ ക്രൂശ് എടുത്ത് തന്നെ അനുഗമിക്കട്ടെ എന്ന് യേശു പറഞ്ഞതിന് ശേഷം, യേശു 5 കോടതികളിലെ വിസ്താരത്തിന് ശേഷം, 39 അടി ഏറ്റതിന് ശേഷം ഭാരമേറിയ മരക്കുറിശു വഹിച്ചുകൊണ്ട് ഗോൽഗാഥയിലേക്ക് യെരുശലേമിന്റെ തെരുവീഥിയിലൂടെ നടന്നുനീങ്ങുന്ന ഹൃദയഭേദകമായ കാഴ്ചകണ്ട്, യെരുശലേം പുത്രിമാർ യേശുവിനെ നോക്കി കരഞ്ഞു. ഇതു കണ്ട യേശു യെരുശലേം പുത്രിമാരോടായി പറഞ്ഞു. നിങ്ങൾ എന്നെ ചൊല്ലി കരയേണ്ട, നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലി കരവിൻ. യേശു യെരുശലേം പുത്രിമാർക്ക് തന്നോട് തോന്നിയ, തന്റെ പീഢനത്തിൽ തോന്നിയ സഹതാപത്തിൽ സന്തോഷിച്ചില്ല, മറിച്ച് നിങ്ങൾ സഹതപിക്കേണ്ടത് നിങ്ങളെയും നിങ്ങളുടെ മക്കളെയും ഓർത്താണ് എന്ന് പറഞ്ഞിരിക്കുകയാണ്.

ഇന്നും ക്രൈസ്തവ സമൂഹം ചെയ്യുന്നത് ഏതാണ്ട് ഇതൊക്കെ തന്നെയാണ്. യേശുവിനെ ഓർത്ത് സഹതപിക്കുകയാണ്. യേശുവിനെ നമ്മുടെ സഹതാപം ആവശ്യമില്ല. യേശു പറഞ്ഞത് നിങ്ങൾ നിങ്ങളെയും നിങ്ങളുടെ മക്കളെയും ചെല്ലി കരവിൻ. അതായത് നിങ്ങൾ നിങ്ങളുടെ ക്രൂശുമെടുത്ത് എന്നെ അനുഗമിപ്പിൻ എന്നാണ്.

ഇന്നത്തെ ക്രൈസ്തവ സമൂഹം എന്താണ് ചെയ്യുന്നത്. ക്രൂശിന്റെ ചുവട്ടിൽ നിന്നുകൊണ്ട് ക്രൂശിനെ ഓർത്ത് കരയുകയും, സഹതപിക്കുകയും ചെയ്യുകയാണ്. നാം ഇങ്ങനെ ക്രൂശിനെ ഓർത്ത് സഹതപിക്കുമ്പോൾ, യേശു നമ്മോടാവശ്യപ്പെടുന്ന ഒരു കാര്യം, ഭാവനാത്മകമായി ഞാൻ ഇവിടെ കുറിക്കുകയാണ്. നിങ്ങൾക്ക് എന്നോടൊപ്പം ക്രൂശീകരിക്കപ്പെടാൻ മനസുണ്ടോ. നാം കേവലം ക്രൂശിന്റെ ചുവട്ടിൽ നിൽക്കുന്നവരായിട്ടല്ല. മറിച്ച് ക്രൂശീകരിക്കപ്പെടാൻ മനസുള്ളവരായിരിക്കണം. ഇന്നത്തെ പ്രസംഗങ്ങളും ഏതാണ്ട് ഇതിന്റെ സമാനമാണ്. ജനത്തെ ക്രൂശിന്റെ ചുവട്ടിൽ നിർത്തി, ക്രൂശിനെ ഓർത്ത് അനുതപിക്കും. പക്ഷെ ക്രൂശിൽ കയറാൻ ജനത്തെ ആഹ്വാനം ചെയ്യാറില്ല. അതുകൊണ്ട് ക്രൂശിന്റെ ചുവട്ടിൽ നിന്നുകൊണ്ട്, ഉണ്ടാകുന്ന സഹതാപത്തേക്കാൾ, യേശുവിനോടൊപ്പം ക്രൂശ് വഹിക്കുന്നവരായി തീരാം.

*കഴിഞ്ഞ ലക്കം തുടർച്ച*

# ദൈവിക തിരഞ്ഞെടുപ്പ്:

## യാക്കോബിനെ സ്നേഹിച്ചു ഏശാവിനെ ദ്വേഷിച്ചു




**മാത്യു പാലത്തുങ്കൽ**

അബ്രാഹാമിലൂടെ ദൈവം നല്കിയ വാഗ്ദത്തം പ്രാപിക്കുന്നതിൽ യിസ്രായേൽ പരാജയപ്പെട്ടു എങ്കിലും ദൈവം തന്റെ പദ്ധതിക്കു മാറ്റം വരുത്തിയില്ല. അവരിലൂടെ മശിഹാ വരുമെന്ന പ്രവചനം നിറവേറുകതന്നെ ചെയ്തു. അബ്രാഹാമിനു രണ്ടു പുത്രന്മാർ ഉണ്ടായിയെങ്കിലും തിരഞ്ഞെടുപ്പ് പ്രയാസകരമായിരുന്നില്ല. കാരണം യിസഹാക്കായിരുന്നു ദൈവഹിതപ്രകാരമുള്ള സന്തതി. യിശ്മായേൽ ദാസിയുടെ മകനായിരുന്നു. എന്നാൽ ഏശാവിന്റെയും യാക്കോബിന്റെയും കാര്യത്തിൽ അങ്ങനെയായിരുന്നില്ല. റിബേക്കയുടെ പുത്രന്മാരുടെ പിതാവ് ഒരാളായിരുന്നു, മാത്രമല്ല അവർ ഇരട്ടകളുമായിരുന്നു. പൗലൊസ് പറയുന്നത്, കുട്ടികൾ ജനിക്കയോ ഗുണമാകട്ടെ ദോഷമാകട്ടെ ഒന്നും പ്രവർത്തിക്കയോ ചെയ്യുംമുമ്പെ തിരഞ്ഞെടുപ്പിൻപ്രകാരമുള്ള ദൈവനിർണ്ണ യം പ്രവൃത്തികൾ നിമിത്തമല്ല വിളിച്ചവന്റെ ഇഷ്ടം നിമിത്തം തന്നേ വരേണ്ടതിന്നു: ‘‘മൂത്തവൻ ഇളയവനെ സേവിക്കും’’എന്നു അവളോടു അരുളിച്ചെയ്തു. ‘‘ഞാൻ യാക്കോബിനെ സ്നേഹിച്ചു ഏശാവിനെ ദ്വേഷിച്ചിരിക്കുന്നു’’ എന്നു എഴുതിയിരിക്കുന്നുവല്ലോ. ആകയാൽ നാം എന്തു പറയേണ്ടു? ദൈവത്തിന്റെ പക്കൽ അനീതി ഉണ്ടോ? ഒരുനാളും ഇല്ല (റോമർ 9:11–14).

കുട്ടികൾ ഇപ്രകാരം തിരഞ്ഞെടുക്കപ്പെട്ടത് അവരുടെ പ്രവൃത്തികളുടെ ദോഷംകൊണ്ടല്ല എന്ന് വചനം വ്യക്തമാക്കുന്നു. ഏശാവിന്റെ ദുർന്നടപ്പോ, ജ്യേഷ്ഠാവകാശത്തെ അലക്ഷ്യമാക്കിയ മനോഭാവമോ ഒന്നുമല്ല അവനെ തിരഞ്ഞെടുക്കാതിരിക്കുന്നതിനുള്ള കാരണം എന്ന് ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. എബ്രാ. 12:16 ലെ പരാമർശത്തിന് ഇതുമായി ബന്ധവുമില്ല. അനുഗ്രഹം നഷ്ടമാക്കുന്നതിനെക്കുറിച്ചുള്ള മുന്നറിയിപ്പാണിവിടെ കാണുന്നത്. വാഗ്ദത്ത മശിഹായുടെ ജനനത്തിനുവേണ്ടി തിരഞ്ഞെടുക്കപ്പെട്ടില്ല എന്ന കാരണത്താൽ ഏശാവിന് നീതിമാനായി ജീവിക്കാൻ കഴിയുകയില്ല എന്നർത്ഥമില്ല. പില്ക്കാലത്ത് യെഹൂദാഗോത്രത്തെയാണ് യേശുവിന്റെ ജനനത്തിനായി ദൈവം തിരഞ്ഞെടുത്തത്. അതുകൊണ്ട് മറ്റു ഗോത്രക്കാരെല്ലാം ശപിക്കപ്പെട്ടവരായി എന്നർത്ഥമുണ്ടോ? ദൈവം പ്രസാദിച്ച എത്രയോ നീതിമാന്മാർ ഉണ്ടായിരുന്നു. അപ്പോൾ ഏശാവ് അഭക്തനായി തീർന്നതിന്റെ കാരണം അവനു പകരം ദൈവം യാക്കോബിനെ തിരഞ്ഞെടുത്തു എന്നതല്ല. മാത്രമല്ല, ഏശാവ് ജ്യേഷ്ഠാവകാശം കൈവിട്ടുകളഞ്ഞതും ഇക്കാരണത്താലല്ല, അതവന്റെ വ്യക്തിപരമായ തീരുമാനമായിരുന്നു. വാഗ്ദത്ത മശിഹായുടെ ജനനത്തിനുവേണ്ടിയുള്ള തിരഞ്ഞെടുപ്പിൽ ഉൾപ്പെട്ടില്ല എങ്കിലും ഭക്തനായി ജീവിച്ച് അബ്രാഹാമിന്റെ അനുഗ്രഹങ്ങളുടെ അവകാശി ആകുവാൻ ഏശാവിനു കഴിയുമായിരുന്നു. രണ്ടു പ്രാവശ്യമാണ് അവൻ തന്റെ അവസരങ്ങളെ നഷ്ടമാക്കിയത്.

അബ്രാഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ഭാര്യമാർ വന്ധ്യകളായിരുന്നു; അവർക്ക് ഗർഭം ധരിക്കാൻ കഴിയുമായിരുന്നില്ല. മക്കളെ പ്രസവിക്കുന്നതിനുള്ള അവരുടെ കഴിവില്ലായ്മ, മശിഹൈക വംശത്തിന്റെ ഉടമ്പടി വാഗ്ദത്തങ്ങളുടെ നിയന്ത്രണം തന്റെ പക്കലാണെന്ന് കാണിക്കുന്നതിനുള്ള ദൈവത്തിന്റെ വഴികളിൽ ഒന്നായിരുന്നു. യഥാർത്ഥ മശിഹൈക വംശാവലി ഒരിക്കലും ഗോത്രപിതാവിന്റെ മൂത്തപുത്രനിൽ നിന്നും അല്ല പുറപ്പെടുന്നത് എന്നു കാണിക്കുകയായിരുന്നു മറ്റൊരു വഴി (അതായിരുന്നു സാംസ്കാരികമായി പ്രതീക്ഷിക്കപ്പെട്ടിരുന്നത്). ദൈവത്തിന്റെ തിരഞ്ഞെടുപ്പാണ് താക്കോൽ (റോമ. 9:11–12).



### ഏശാവിനെ ദ്വേഷിച്ചു

ദൈവം യാക്കോബിനെ സ്നേഹിച്ചു എന്നു പറഞ്ഞാൽ മനസ്സിലാക്കാം. പക്ഷേ അതിന് ഏശാവിനെ ദ്വേഷിക്കണമെന്നുണ്ടോ? ഈ വാക്യം മലാ. 1:2–3 ൽ നിന്നുള്ള ഉദ്ധരണിയാണ്. ‘‘ദ്വേഷിക്കുക’’ എന്ന പ്രയോഗം സംബന്ധിച്ച് ധാരാളം നിർദ്ദേശങ്ങൾ വേദപണ്ഡിതന്മാർ മുമ്പോട്ടു വെയ്ക്കുന്നുണ്ട്. ഒന്ന്, ഇത് യാക്കോബ്, ഏശാവ് എന്നീ വ്യക്തികളെക്കാൾ അവരിൽനിന്നും ഉത്ഭവിച്ച യിസ്രായേൽ, എദോം എന്നീ വംശങ്ങളെയാണ് സൂചിപ്പിക്കുന്നത്. രണ്ട്, ‘‘ഞാൻ യാക്കോബിനെ തിരഞ്ഞെടുത്തു, ഏശാവിനെ നിരസിച്ചു’’ എന്നാണിതിന്റെ അർത്ഥമെന്ന് ചിലർ ചിന്തിക്കുന്നു. മൂന്നാമത്തെ അഭിപ്രായം, ഇത് മുൻഗണന സൂചിപ്പിക്കുന്നതിനുള്ള അഥവാ താരതമ്യത്തിനുള്ള ഒരു എബ്രായ ശൈലിയാണ് എന്നതാണ്.1 ലൂക്കൊസ് 14:26 ൽ പകെക്കുക എന്ന പദത്തിന്റെ ഉപയോഗത്തിലൂടെ കർത്താവ് ഈ പ്രയോഗത്തിന്റെ സൂചന നല്കുന്നുമുണ്ട്. മലയാളത്തിൽ ദ്വേഷിക്കുക എന്ന പ്രയോഗം കഠിനമായി തോന്നും, എന്നാൽ ഉല്പ. 29:31–33; ആവ. 21:15; മത്താ. 10:37–38; ലൂക്കൊ. 14:26; യോഹ. 12:25 എന്നീ വാക്യങ്ങൾ വായിച്ചാൽ ഇക്കാര്യം വ്യക്തമാകും.

ദൈവത്തെക്കുറിച്ച് ഉപയോഗിച്ചിരിക്കുന്ന ‘‘സ്നേഹം,’’ ‘‘ദ്വേഷം’’ എന്നീ മനുഷ്യരൂപാരോപണ പദങ്ങൾ ദൈവത്തിന് ഈ വ്യക്തികളോടുള്ള വികാരത്തെയല്ല, മറിച്ച് മശിഹൈക പരമ്പരയോടും വാഗ്ദത്തങ്ങളോടുമുള്ള തന്റെ പ്രതിബദ്ധതയെയാണ് സൂചിപ്പിക്കുന്നത്. ഉല്പ. 25:23 ലെ പ്രവചനം അനുസരിച്ച് യാക്കോബ് വാഗ്ദത്ത സന്തതിയാണ്.

മുൻ ലക്കത്തിൽ നാം ചിന്തിച്ചതുപോലെ ഏശാവിന്റെ അഭക്ത ജീവിതത്തിന് ഒഴികഴിവല്ല ഈ തിരഞ്ഞെടുപ്പ്. ഒരു പ്രത്യേക ഉദ്ദേശ്യത്തിനോ ദൗത്യത്തിനോ വേണ്ടിയുള്ള ദൈവിക തിരഞ്ഞെടുപ്പിൽ ചില വ്യക്തികൾ മാത്രമോ ജാതികൾ മാത്രമോ ആയിരിക്കാം ഉൾപ്പെടുന്നത് (ഉദാ. അബ്രാഹാം, യിസ്രായേൽ). അപ്രകാരം തിരഞ്ഞെടുക്കപ്പെടാത്തവർ പിന്നെ ദൈവിക ബന്ധത്തിൽ തുടരരുതെന്ന് അതിനർത്ഥമില്ല. ഏശാവിന്റെ കാര്യത്തിലും ഇതു തന്നെയായിരുന്നു ദൈവം പ്രതീക്ഷിച്ചത്. യിസ്രായേൽ മാത്രമല്ല ലോകത്തിലുള്ള സകല ജാതികളും ദൈവിക ബന്ധത്തിൽ തുടരണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

**ദൈവത്തിന്റെ പരമാധികാര തിരഞ്ഞെടുപ്പുകൾ മനുഷ്യന്റെ ഭാവി പ്രവൃത്തികളുടെയും തിരഞ്ഞെടുപ്പുകളുടെയും അടിസ്ഥാനത്തിലല്ല എന്ന കാര്യവും ഓർമ്മിക്കേണ്ടതാണ്.**

### ദൈവത്തിന്റെ പക്കൽ അനീതി ഉണ്ടോ?

അടുത്ത വാക്യത്തിൽ പൗലൊസ് ചോദിക്കുന്നു (റോമർ 9:14). ദൈവത്തിന്റെ പരമാധികാരമാണ് തീരുമാനങ്ങൾ എടുക്കുന്നതെങ്കിൽ ദൈവത്തിനെങ്ങനെ മനുഷ്യനെ ഉത്തരവാദിയാക്കാൻ സാധിക്കും? (വാ. 19). ഇതാണ് തിരഞ്ഞെടുപ്പിന്റെ മർമ്മം. ഇവിടുത്തെ മുഖ്യമായ ഊന്നൽ മത്സരികളായ മനുഷ്യരോട് തനിക്കിഷ്ടമുള്ള വിധത്തിൽ ഇടപെടുവാൻ ദൈവത്തിനു സ്വാതന്ത്ര്യമുണ്ട് എന്നുള്ളതാണ്; എന്നിരുന്നാലും ദൈവത്തിന്റെ പരമാധികാരം വെളിപ്പെടുന്നത് ശക്തിയുപയോഗിക്കുന്നതില്ല, മറിച്ച് കരുണ പ്രദർശിപ്പിക്കുന്നതിലാണ് (വാ. 15).

ദൈവത്തിന്റെ പരമാധികാര തിരഞ്ഞെടുപ്പുകൾ മനുഷ്യന്റെ ഭാവി പ്രവൃത്തികളുടെയും തിരഞ്ഞെടുപ്പുകളുടെയും അടിസ്ഥാനത്തിലല്ല എന്ന കാര്യവും ഓർമ്മിക്കേണ്ടതാണ്. അതങ്ങനെയായിരുന്നുവെങ്കിൽ ദൈവിക തിരഞ്ഞെടുപ്പിന്റെ അടിസ്ഥാനം മനുഷ്യന്റെ തിരഞ്ഞെടുപ്പുകളും പ്രവൃത്തികളും നന്മകളും ആകുമായിരുന്നു (വാ. 16; 1 പത്രൊ. 1:2). ഇതിനു പിന്നിൽ നീതിമാന്റെ അഭിവൃദ്ധി എന്ന യെഹൂദ വീക്ഷണം കാണുവാൻ കഴിയും (ആവർത്തനം 27–28; ഇയ്യോബ്; സങ്കീർത്തനം 73). എന്നാൽ ദൈവം പ്രവൃത്തിയുടെ അടിസ്ഥാനത്തിലല്ല, അർഹതയില്ലാത്തവരെ വിശ്വാസം മൂലം അനുഗ്രഹിക്കുകയാണു ചെയ്യുന്നത് (5:8). ദൈവം എല്ലാം അറിയുന്നുവെങ്കിലും അവൻ തന്റെ തിരഞ്ഞെടുപ്പുകളെ (1) കരുണയിലും, (2) വാഗ്ദത്തത്തിലും പരിമിതപ്പെടുത്തുന്നു. എങ്കിലും അതു പൂർത്തീകരിക്കപ്പെടുന്നത് മനുഷ്യന്റെ തിരിച്ചുള്ള പ്രതികരണത്തിന്റെ അടിസ്ഥാനത്തിലാണ്.

### ദൈവത്തിന്റെ കരുണ

തിരഞ്ഞെടുപ്പിന്റെ അടിസ്ഥാനമായി പൗലൊസ് പുറ. 33:19 ൽ നിന്നുള്ള വാക്യം ഉദ്ധരിക്കുന്നു. തന്റെ വീണ്ടെടുപ്പിൻ പദ്ധതിക്കനുസരണമായി പ്രവർത്തിക്കാൻ ദൈവത്തിനു സ്വാതന്ത്ര്യമുണ്ട്. മോശെ പോലും ദൈവത്തിന്റെ അനുഗ്രഹങ്ങൾക്ക് അർഹനല്ലായിരുന്നു (പുറ. 33:20). അവൻ കൊലപാതകിയായിരുന്നു (പുറ. 2:11–15). അവന്റെ തിരഞ്ഞെടുപ്പുകൾ കരുണയിലാണ് എന്നതാണ് താക്കോൽ (റോമ.9: 16,18–23; 11:30,31,32). ഇതിനെല്ലാം അടിസ്ഥാനം ദൈവത്തിന്റെ കരുണയാണ്. ‘‘കരുണ’’ (സങ്കീർത്തനങ്ങളിൽ ‘‘ദയ’’ എന്നു തർജ്ജമ ചെയ്തിരിക്കുന്നു) എന്നു തർജ്ജമ ചെയ്തിരിക്കുന്ന എബ്രായ പദത്തിന്റെ അർത്ഥം ‘‘ഉടമ്പടിയിൽ അടിസ്ഥാനപ്പെട്ട നിത്യസ്നേഹം’’ എന്നാണ്. തിരഞ്ഞെടുപ്പിലൂടെയുള്ള കരുണ ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവരിലും എത്തുന്നു. അത് വിശ്വാസത്തിന്റെ വാതിലുകൾ എല്ലാവർക്കുംവേണ്ടി തുറക്കുന്നു (റോമർ 5:18–19).

ദൈവത്തിന്റെ തിരഞ്ഞെടുപ്പ് വിശ്വാസത്താൽ അത് ഏറ്റുവാങ്ങുന്ന എല്ലാവർക്കും ഉള്ളതാണ്. ‘‘എല്ലാവരും,’’ ‘‘അനേകർ,’’ ‘‘പലർ’’ എന്നീ പദങ്ങൾ തിരുവചനം ആവർത്തിച്ച് ഉപയോഗിക്കുന്നു. ആരും നശിച്ചുപോകുവാൻ ദൈവം ആഗ്രഹിക്കുന്നില്ല.



ജോൺസൺ കണ്ണൂർ



# പത്രോസ് അനുഭവിച്ച 3 അഗ്നികൾ

മതരാഷ്ട്രീയ ശക്തികൾ ക്രിസ്തുവിനെ അറസ്റ്റ്ചെയ്ത് വിസ്തരിക്കുന്ന സമയത്ത് കോടതിവളപ്പിൽ, അവിടെയുള്ള ജീവനക്കാരും പട്ടാളക്കാരും കൂടി തണുപ്പുമാറ്റുവാൻ തീയ്ക്കൂട്ടി. അതിന്റെ ചൂടുകൊണ്ട് തണുപ്പുമാറ്റുവാൻ പത്രോസും അടുത്തുകൂടി. പ്രതിയെ രാത്രിയിൽ അറസ്റ്റ് ചെയ്യുകയോ വിസ്തരിക്കുകയോ പാടില്ലെന്ന് നിയമമുണ്ട്. ഇരുളിന്റെ അധികാരവും ശത്രുവിന്റെ സമയവും ഒന്നിച്ച് തേർവാഴ്ച്ച നടത്തിയപ്പോൾ നിയമങ്ങൾ കാറ്റിൽപറന്നു. ഇരുട്ടിന്റെ ശക്തികൾക്ക് ഇരുട്ടുള്ളപ്പോൾ മാത്രമേ പ്രവൃത്തിക്കുവാൻ കഴിയൂ. സൂര്യൻ ഉദിച്ചതിനു ശേഷമാണെങ്കിൽ ഈ വിഷയം ഉണ്ടാകില്ല. ലൂക്കോസ് 22:55 നോക്കുക.

## തള്ളിപറയുന്ന തീയ്

യേശുവിനെ വിസ്തരിക്കുന്ന മഹാപുരോഹിതന്റെ വീടിന്റെ നടുമുറ്റത്ത് അവർ ഒരുക്കിയ തീയുടെ വെളിച്ചത്തിൽ പത്രോസ് ഇരുന്നു. പരിഹാസിയുടെ ഇരിപ്പിടത്തിൽ ഇരിക്കരുത് എന്ന പ്രമാണം ലംഘിച്ചു. യേശുവിന്റെ ശത്രുക്കൾ തണുപ്പുമാറ്റുവാൻ ഒരുക്കിയ തീയുടെ അരികിൽ പത്രോസ് ഇരിക്കുവാൻ പാടില്ലായിരുന്നു.

ജീവിതത്തിന്റെ മേഖലകളിൽ ഈ ലോകം ഒരുക്കിതരുന്ന അല്പം ചൂട്, അഥവാ സുഖങ്ങൾ ഇവിടെയൊന്നും നമ്മൾ ഹാജർ വെക്കരുത്. അവസാനം ക്രിസ്തുവിനേയും, നമ്മുടെ വിശ്വാസത്തേയും ദൈവത്തോടുള്ള ഭക്തിയേയും, ആത്മീയ നിലവാരത്തേയും തള്ളിപ്പറയേണ്ടിവരും.

കഷ്ടതകളോ, വേദനയോ, ഞെരുക്കങ്ങളോ സഹിച്ചാലും സാരമില്ല. ക്രിസ്തുവിനെ തള്ളിപ്പറയാതിരുന്നാൽ മതി. യോഹ 18:25 ൽ ശീമോൻ പത്രോസ് തീകാഞ്ഞു നില്ക്കുമ്പോൾ എന്ന് കാണുന്നു. എന്നാൽ മത്തായി 26:69 ൽ പത്രോസ് പുറത്ത് നടുമുറ്റത്ത് ഇരുന്നു എന്നു മാത്രമേയുള്ളൂ. ഇവിടെ തീയ്കായുന്ന കാര്യം പറയുന്നില്ല. യേശുവിന്റെ കൂടെയുള്ളവനാണെന്ന് തിരിച്ചറിഞ്ഞത് വസ്ത്രധാരണം കൊണ്ടല്ല, ആകാരഭംഗികൊണ്ടല്ല ഉച്ചാരണം അവിടെ തെളിവായ് പറയുന്നു. നമ്മുടെ വാക്കുകൾ നമ്മൾ ആരാണെന്നു തെളിയിക്കും. (കൃപയോട് കൂടിയതും ഉപ്പിനാൽ രുചിവരുത്തുന്നതുമായിരിക്കട്ടെ).

പത്രോസ് പറയുന്നു: ആ മനുഷ്യനെ ഞാൻ അറിയുന്നില്ല. ഇവിടെ ന്യായമായ സംശയം, പിന്നെ എന്തിനാണ് ഈ കോടതി വരാന്തയിൽ കറങ്ങുന്നത്? അങ്ങനെയെങ്കിൽ മഹാപുരോഹിതന്റെ സേവകരിൽ പെട്ടതായിരിക്കണം. ഒന്നുകിൽ പ്രതിയുടെ ഭാഗത്ത്, അല്ലെങ്കിൽ വാദിയുടെ ഭാഗത്ത്. ഇനിയും നമുക്ക് യേശുവിനോട് ചോദിക്കാം. യേശുവേ ഈ പറയുന്ന പത്രോസിനെ അവിടുന്ന് അറിയുമോ?

മറുപടി: എനിക്ക് നന്നായിട്ടറിയാം. എനിക്കവനെ അറിയില്ലെന്ന് പറയാൻ കഴിയില്ല. കാരണം അവൻ എന്നെ തെരഞ്ഞെടുത്തതല്ല. ഞാൻ അവനെ തെരഞ്ഞെടുത്തതാണ്. (മർക്കോസ് 14:66-72). പത്രോസ് തീ കായുന്നത് കണ്ടവർ അവനെ നോക്കി: നീയും നസ്രായനായ യേശുവിന്റെ കൂടെ ആയിരുന്നു എന്ന് പറഞ്ഞപ്പോൾ നീ പറയുന്നത് തിരിയുന്നില്ല, ബോദ്ധ്യമാകുന്നില്ല എന്നിങ്ങനെ അവൻ തള്ളിപ്പറഞ്ഞു.

പടിപ്പുരയിലേക്കു പുറപ്പെട്ടപ്പോൾ കോഴികൂകി. പിന്നീട് 72–ാം വാക്യത്തിൽ രണ്ടാമതും കോഴികൂകി. ആദ്യം കോഴി കാര്യം ഓർപ്പിച്ചതാണ്. അപ്പോഴെങ്കിലും ചിന്തിച്ചിരുന്നെങ്കിൽ പിന്നീട് പ്രാകുകയും ആണയിടുകയും ചെയ്യേണ്ടിവരില്ലായിരുന്നു. തള്ളിപറയിപ്പിക്കാൻ തീയും വ്യക്തികളേയും ശത്രുക്കൾ ഒരുക്കി. കാര്യം ഓർപ്പിക്കാൻ കോഴിയെ ദൈവം ഒരുക്കിനിർത്തി.

## ഏറ്റുപറയുന്ന തീയ്

യോഹ 21–ാം അദ്ധ്യായത്തിൽ പിൻമാറ്റക്കാരനായ പത്രോസിനെ മടക്കിക്കൊണ്ടുവരുന്ന രംഗമാണ്. നഫ്താലി ഗോത്രത്തിലാണ് പത്രോസ് ജനിച്ചത്. ക്രിസ്തു വർഷം 64 വരെ പലസ്തീനിലെ കുട്ടികൾക്ക് വിദ്യഭ്യാസം നിർബന്ധമല്ലായിരുന്നു. പത്രോസിന് സാധാരണ യഹൂദന് ലഭിക്കുന്ന പ്രാഥമിക വിദ്യാഭ്യാസമേ ലഭിച്ചിരുന്നുള്ളൂ. പത്രോസിന് തന്റെ ബലഹീനത അറിയില്ലായിരുന്നു. എന്നാൽ കർത്താവിന് പത്രോസിനെ നന്നായി അറിയാമായിരുന്നു.

ക്രിസ്തുവിന്റെ സുവിശേഷ ദൗത്യത്തിനുവേണ്ടി ആദ്യം തടവിലായവൻ പത്രോസാണ്. ആദ്യത്തെ സുവിശേഷപ്രഭാഷകനെന്ന സ്ഥാനവും പത്രോസിനാണ്. പത്രോസിന്റെ സ്വഭാവത്തെ വിശകലനം ചെയ്യുമ്പോൾ താൻ ക്രിസ്തുവിലാകും മുമ്പ് ഭോഷനും, വായാടിയും, മുൻകോപക്കാരനും, എടുത്തുചാട്ടക്കാരനുമായ മുക്കുവനുമായിരുന്നു. എങ്കിലും കർത്താവിലായതിനുശേഷം ഇരുപതിന്റെ ചുറുചുറുപ്പും, മുപ്പതിന്റെ അറിവും, നാൽപ്പതിന്റെ സമ്പത്തും അമ്പതിന്റെ ആശ്വാസവും തന്നിലുണ്ടായിരുന്നു.

ക്രിസ്തുമരിച്ച് അടക്കപ്പെട്ടതോടെ പത്രോസിന്റെ എല്ലാ പ്രത്യാശയും മരിച്ചു. രാത്രിമുഴുവനും കടലിൽ കറങ്ങി ഒന്നും കിട്ടാതെ കാലിയായ കൊട്ടകളുമായി നിൽക്കുന്ന പത്രോസിനു വേണ്ടി കനലിൻമേൽ ഇരിക്കുന്ന മീൻ നമുക്കു കാണുവാൻ കഴിയും. ഇവിടെ യേശു ഒരുക്കിയ തീയാണ്. തീയ് മാത്രമല്ല കഴിക്കാനും ഉണ്ട്. പിന്മാറ്റക്കാർക്കുവേണ്ടി തണുപ്പുമാറ്റുവാൻ തീക്കനലും വിശപ്പ് മാറ്റുവാൻ അപ്പവും മീനും– അവർ പ്രാതൽ കഴിച്ചശേഷം, യേശു ശീമോൻ പത്രോസിനോട്, യോഹന്നാന്റെ മകനായ ശിമോനേ, നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ എന്ന് ചോദിച്ചു.

ഇവിടെ പുതിയ ഒരു ദൗത്യം കർത്താവ് പത്രോസിനെ ഏല്പിക്കുകയാണ്.

ഉല്പത്തി 15:7 നോക്കുക- സൂര്യൻ അസ്തമിച്ച് ഇരുട്ടായ ശേഷം ഇതാ പുകയുന്ന ഒരു തീച്ചൂള; ആ ഭാഗങ്ങളുടെ നടുവേ ജ്വലിക്കുന്ന ഒരു പന്തം കടന്നുപോയി. അന്ന് യഹോവ അബ്രഹാമിനോട് ഒരു നിയമം ചെയ്തു. ഉടമ്പടിയുടെ തീയാണ് ഇവിടെ കാണുന്നത്.

ഇതുപോലെ പത്രോസും കർത്താവുമായി ഒരു പുതിയ ഉടമ്പടി വെക്കുന്നു. ഈ തീക്കനലിന് അരികെ അത് നിർവ്വഹിച്ചു. ആദ്യം കർത്താവിനെ ഏറ്റു പറയുന്ന രംഗമാണ്. ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ?

ഇന്നും കർത്താവിന് ചിലരോട് ഇതുതന്നെയാണ് ചോദിക്കുവാനുളളത്. പാരമ്പര്യത്തേക്കാൾ, മതത്തിന്റെ ആചാരങ്ങളെക്കാൾ കർമ്മാനുഷ്ഠങ്ങളിൽ അധിഷ്ഠിതമായ പഴകിജീർണ്ണിച്ച വിശ്വാസത്തേക്കാൾ പള്ളി, പട്ടക്കാർ, കുടുംബക്കാർ, സ്ഥാനമാനങ്ങൾ എന്തിനധികം സ്വന്തം ജീവനേക്കാൾ യേശുവിനെ സ്നേഹിക്കുന്നവനെ കർത്താവിന് മതി. അല്ലാതെയുള്ളവർക്ക് ഇവിടം വിട്ട് പോകാം.

കർത്താവേ എനിക്കക നിന്നോട് പ്രിയമുണ്ട് എന്നു നീ അറിയുന്നുവല്ലോ? പത്രോസിന് ഇത്രയും സ്നേഹമായിരുന്നെങ്കിൽ കോടതി വരാന്തയിൽ വെച്ച് എന്തിന് തള്ളിപ്പറഞ്ഞു. കാര്യ സാധ്യതകൾക്കുവേണ്ടിയുള്ള സ്നേഹം, അവനവനെ ബാധിക്കുമ്പോൾ തള്ളിപ്പറയുന്ന സ്നേഹം വ്യാജമാണ്. തീജ്വാലയുടെ മുമ്പിൽ വെച്ച് തള്ളിപ്പറഞ്ഞ പത്രോസിന് വേണ്ടി തീക്കനലും പ്രാതലും തയ്യാറാക്കിയതാണ് യഥാർത്ഥ സ്നേഹം. ഇതാണ് ദൈവസ്നേഹം. യഥാർത്ഥ സ്നേഹം എന്താണെന്ന് തീക്കനൽ വിളിച്ചു പറയുന്നുണ്ട്. അധർമ്മം പെരുകുന്നതു കൊണ്ട് അനേകരുടെ സ്നേഹം തണുത്തു പോകുന്നു എന്ന് വചനം പറയുന്നു. ചാരം മൂടിയ തീക്കനലായി ഇന്ന് ചിലരുടെ സ്നേഹം മാറിക്കഴിഞ്ഞു. കർത്താവ് ഒരുക്കിയ തീയുടെ പ്രത്യേകത കാണാൻ മാത്രം ഇല്ല. എന്നാൽ നിന്ന് ഫലിക്കുന്ന ചൂടാണത്. മീൻ ചുട്ട് എടുക്കണമെങ്കിൽ ആളിക്കത്തുന്ന തീയ് പാടില്ല. കർത്താവ് ഒരു കാര്യം ചെയ്താൽ എല്ലാം ഭംഗിയായിരിക്കും. ദൈവക്രോധാഗ്നിയിൽ വെന്തെരിഞ്ഞ് ജീവന്റെ അപ്പമായി തീർന്ന ക്രിസ്തു കനലിൽ ചുട്ട മീനും അപ്പവുമായി പത്രോസിനെ കാത്തിരിക്കുന്നു. മൂന്ന് പ്രാവശ്യം തള്ളിപ്പറഞ്ഞു അതുകൊണ്ട് മൂന്നു പ്രാവശ്യം... കർത്താവേ എനിക്ക് നിന്നോട് പ്രിയമുണ്ട് എന്ന് നീ അറിയുന്നു.. എന്ന് ഏറ്റു പറയുന്നു. മൂന്നാമത്തെ പ്രാവശ്യം ചോദിച്ചപ്പോൾ, പത്രോസ് തകർന്നുപോയി. ശുശ്രൂഷയുടെ അവസാനകാലയളവുകളെക്കുറിച്ച് കർത്താവ് ഒരു പ്രവചനവും പറഞ്ഞു.

“നീ യൗവനക്കാരൻ ആയിരുന്നപ്പോൾ നീ തന്നെ അരകെട്ടി ഇഷ്ടമുള്ളിടത്തു നടന്നു. വയസ്സനായ ശേഷമോ നീ കൈ നീട്ടുകയും മറ്റൊരുത്തൻ നിന്റെ അര കെട്ടി നിനക്ക് ഇഷ്ടമില്ലാത്ത ഇടത്തേക്കു നിന്നെ കൊണ്ടുപോകുകയും ചെയ്യും” എന്നു പറഞ്ഞു (യോഹ 21:18)

ന്യായമായിട്ടും പ്രിയമുണ്ടെങ്കിൽ അവസാന കാലയളവുകളെക്കുറിച്ച് ഇങ്ങനെയാണോ പറയേണ്ടത്? തീർച്ചയായും പ്രിയമുളളതുകൊണ്ടാണ് രക്തസാക്ഷിയാകുവാൻ ക്ഷണിക്കുന്നത്. നമുക്ക് ഉൾക്കൊള്ളുവാൻ കഴിയാത്ത മേഖലയിലേക്ക് നമ്മെ ക്ഷണിക്കുന്നത് നമ്മോട് വളരെ സ്നേഹം ഉള്ളത് കൊണ്ടാണ്. ജീവനേയും കൂടി ത്യജിക്കുന്നതാണ് ഏറ്റവും വലിയ സ്നേഹം എന്ന് പത്രോസിന് ഇപ്പോൾ മനസിലായി.

പണ്ട് ജീവനെ ഭയന്നാണ് തള്ളി പറഞ്ഞത്. ഇപ്പോൾ ജീവനുതുല്യം യേശുവിനെ സ്നേഹിക്കുന്നു.

## ഏറ്റുപറയിപ്പിക്കുന്ന തീയ്

അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി. അവരിൽ ഓരോരുത്തന്റേമേൽ പതിഞ്ഞു. സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വന്ന അഗ്നിയാണിത്. ആദ്യത്തേത് കോടതി മുറ്റത്തായിരുന്നു. രണ്ടാമത്തേത് കടൽതീരത്തും. മൂന്നാമത്തെ അഗ്നി മർക്കോസിന്റെ മാളികമുറിയിൽ. ആയിരങ്ങളെക്കൊണ്ട് ക്രിസ്തുവിനെ ഏറ്റുപറയിപ്പിക്കുവാൻ മുഖാന്തരമായത് ആഗ്നിനാവിന്റെ രൂപത്തിൽ വെളിപ്പെട്ടതുകൊണ്ടാണ്. മഹാ പുരോഹിതന്റെ നടുമുറ്റത്തെ തീയി തണുപ്പുമാറ്റി, കടൽക്കരയിലെ കനൽ തണുപ്പും വിശപ്പും മാറ്റി, എന്നാൽ മാളിക മുറിയിലെ പരിശുദ്ധാത്മാവിന്റെ തീയ് ദേഹത്ത് പതിഞ്ഞപ്പോൾ ആള് മാറിയവരായി. ആത്മാവിൽ ശക്തരായി, നാടുവാഴികൾ വിസ്തരിച്ചപ്പോൾ സധൈര്യം യേശുക്രിസ്തുവിനെ പ്രസംഗിച്ചു, ലോകത്തെ കീഴ്മേൽ മറിക്കുന്നവർ എന്ന് ശത്രുക്കൾ പറയുവാൻ തുടങ്ങി. കാലങ്ങൾക്ക് മുമ്പ് അരുളിചെയ്ത വാഗ്ദത്തത്തിന്റെ നിവൃത്തികരണമാണ് ഇവിടുത്തെ അഗ്നി.

പുതിയനിയ സഭയുടെ ആരംഭം ഈ അഗ്നിയാണ്. പഴയനിയമം ഉത്ഘാടനം ചെയ്തപ്പോൾ മൂവായിരം പേർ മരിച്ചുവീണു (പുറ 32:28). എന്നാൽ പുതിയ നിയമം ഉത്ഘാടനം ചെയ്തപ്പോൾ മൂവായിരം പേർ ജീവൻ പ്രാപിച്ചു. (അപ്പൊ 2:41)

ഇവിടെയും പത്രോസ് എന്ന വ്യക്തിത്വം ചോദ്യങ്ങൾ നേരിടുന്നു. ആദ്യത്തെ തീയിൽ ബാല്യക്കാരിയുടെ ചോദ്യം. രണ്ടാമത്തെ തീയിൽ യേശുവിന്റെ ചോദ്യം. മൂന്നാമത്തേത് ഇവിടെ പുരുഷാരത്തിന്റെ ചോദ്യം. പത്രോസ് തള്ളിപ്പറഞ്ഞ യേശുവിന്റെ പുരുഷാരത്തെക്കൊണ്ട് ഏറ്റുപറയിപ്പിക്കുന്ന രംഗമാണ് കാണുന്നത്.

അപ്പൊസ്തോലന്മാർ പ്രസംഗിച്ചിടത്തൊക്കെയും രക്ഷയുടെ അനിവാര്യതയായിരുന്നു പ്രമേയം. അവരുടെ പാപത്തെക്കുറിച്ച് ബോധ്യം വന്നു, ഹൃദയത്തിൽ കുത്തുകൊണ്ടു. ഇന്നത്തെപ്പോലെ വിടുതൽ, വിസ, വിവാഹം, വിദ്യാഭ്യാസം, വസ്തുവകകൾ വാഹനം തുടങ്ങി സകലതും നൽകുന്ന ഇന്റർനാഷണൽ സൂപ്പർമാർക്കറ്റുകളുടെ മേള അല്ലായിരുന്നു. ജീവിതം ക്രിസ്തുവിനായി സമർപ്പിച്ചു. സ്വന്തമായി ആരും സമ്പാദിച്ചുകൂട്ടിയില്ല.

അഗ്നിനാവുകൾ മാത്രമല്ല കൊടുങ്കാറ്റടിക്കുന്നതുപോലെ മുഴക്കമുണ്ടായി. അന്ന് വെളിപ്പെട്ട അഗ്നിനാവ് ഓരോരുത്തരിലും ദൈവവചനം നിറച്ചു. അത് പ്രസ്താവിക്കാൻ ശക്തരായിമാറി. അഗ്നിയെ മറ്റ് ലോകത്തിന്റെ നാനാഭാഗങ്ങളിൽ എത്തിച്ചു ഇന്നും ലോകത്തിന്റെ എല്ലാമുക്കിലും മൂലയിലും തന്റെ ദാസന്മാർ ആത്മാവിൽ ദൈവവചനം സംസാരിക്കുന്നു. ആയിരങ്ങൾ ക്രൂശിന്റെ ചുവട്ടിൽ മുട്ടുകുത്തുന്നു. മറ്റു രണ്ടിടത്തും ഇല്ലാത്ത ഒരു പ്രത്യേകത ഈ അഗ്നിക്കുണ്ട്. വലിയ പുരുഷാരം വന്നുകൂടി. ആത്മാവിന്റെ തീയ് വെളിപ്പെടുന്നിടത്ത് വലിയ ജനം വന്നുകൂടും.

കുറച്ചുനാളുകളായി നേരെ തിരിച്ചാണ് സംഭവിക്കുന്നത്. നിർമ്മലവചനം പറയുന്നിടത്ത് ആരും വരില്ല. ആത്മാവിന്റെ പേരിൽ കാട്ടിക്കൂട്ടുന്ന കോമാളിത്തരങ്ങൾ കാണാൻ വലിയക്കൂട്ടം ഉണ്ടാകും. അന്ന് വന്നുകൂടിയ പുരുഷാരത്തിന് മാനസാന്തരം ഉണ്ടായി. ഇന്ന് പാപബോധമുണ്ടാകുന്നില്ല. കൊട്ടിപാടി ആടി തിമിർത്ത് വിടുതലും വാങ്ങി പൊടിത്തട്ടി പോകുകയാണ്. വലിയ ജനക്കൂട്ടം ഇന്ന് വരുന്നിടത്ത് ദൈവാത്മാവല്ല അന്യാഗ്നി കത്തിക്കുകയാണ്. അത് തെളിയിക്കാൻ മേൽ പറഞ്ഞ തെളിവ് ധാരാളം മതി. ഈ അഗ്നിയുടെ പ്രത്യേകത യേശുക്രിസ്തു പിതാവിനോട് വാങ്ങി പകർന്നുതന്നതാണ്. അപ്പൊ 2:33. അടുത്ത അധ്യായങ്ങളിൽ അത്ഭുതങ്ങളുടെ പരമ്പരനടക്കുകയാണ്. എന്നാൽ വിചിത്രമായ ഒരു വസ്തുത. ഇന്നത്തെ പോലെ സ്വീകരണങ്ങളോ, പഞ്ചനക്ഷത്ര മുറികളോ, രാജകീയ ഭക്ഷണമോ, ഒന്നും അവർക്ക് കിട്ടിയില്ല. അവർക്ക് തല്ലും തടവറയും നിന്ദയും ഒക്കെയാണ് ലഭിച്ചത്. എന്നാൽ ഈ അഗ്നി അവരെ ഉപയോഗിച്ചു. മറ്റൊരു പ്രത്യേകത കാത്തിരുന്നവരുടെ മുമ്പിലാണ് ഈ അഗ്നി പ്രത്യക്ഷപ്പെടുന്നത്. ക്ഷമയും സഹനശക്തിയും ഉള്ളവർക്കേ കാത്തിരിക്കാൻ കഴിയൂ. ദൈവത്തിന്റെ സമയത്തിനും അവിടുത്തെ പ്രവൃത്തികൾക്കുവേണ്ടി കാത്തിരിക്കാൻ ആർക്കാണ് ഇന്ന് നേരം.

തെരഞ്ഞെടുപ്പ് പോലും ദൈവഹിത പ്രകാരം നടത്തിയവരുടെമേലാണ്. ഈ അഗ്നി നാവുകൾ പതിഞ്ഞത്. ദൈവാത്മാവ് തെരഞ്ഞെടുത്തവ്യക്തിയെ കാണിച്ച് തരുവാൻ പ്രാർത്ഥിക്കുന്നു. ഇന്നത്തെപ്പോലെ തനിരാഷ്ട്രീയം കളിച്ചും പണം വാരിയെറിഞ്ഞും പാനൽ ഉണ്ടാക്കിയും കാലുവാരിയും കുതികാൽ വെട്ടിയും അധികാര കസേരകളിൽ വിഹരിക്കാൻ അവർ തയ്യാറല്ലായിരുന്നു. അതുകൊണ്ട് തന്നെ അവർ കാത്തിരിക്കുകയും ഈ അഗ്നി ഇറങ്ങിവരികയും, രോഗികൾ സൗഖ്യമാക്കുകയും ആയിരങ്ങൾ രക്ഷിക്കപ്പെടുകയും ചെയ്തു. ഇന്ന് കുറേ സ്റ്റേജ് ഷോ അല്ലാതെ വേറൊന്നുമില്ല. യാതൊരു സുഖലോലുപതയുടെ പട്ടുവിരിച്ച പരവതാനി പ്രതീക്ഷിക്കാതെ സുവിശേഷം അറിയിക്കുന്ന സാധുക്കളായ ദൈവദാസന്മാർ ഉണ്ട്. ഈ അഗ്നി ഇന്നും അവരെ ഉപയോഗിക്കുന്നു. ജനം വചനം ക്രിയ ചെയ്തിട്ട് അനേകർ യേശുവിനെ ഏറ്റുപറയുന്നു. അഗ്നി നാവുകാരൻ എന്ന പരസ്യം അവർക്കില്ല. എന്നാൽ പരിശുദ്ധാത്മാവ് നൽകിയ വചനം അകത്തുണ്ട്. അത് ജീവിതങ്ങളെ രൂപാന്തരപ്പെടുത്തുന്നു.



# ജയിക്കാൻ ആരെയും തോൽപ്പിക്കേണ്ടതില്ല



***നമുക്ക് ആരെയും പരാജയപ്പെടുത്താതെ തന്നെ വിജയിക്കാം. എന്നാൽ നാം എന്താണ് ചെയ്യുന്നത്. മറ്റുള്ളവരെ എങ്ങനെ പരാജയപ്പെടുത്താം എന്ന് ഗവേഷണം നടത്തുന്നു.***

**ഇവാ. ബിജു തങ്കച്ചൻ, കാശ്മീർ**

ഒരു കമ്പനി തങ്ങളുടെ തൊഴിലാളികൾക്കു വേണ്ടി സംഘടിപ്പിച്ച ഒരു സെമിനാറായിരുന്നു വേദി. അവതാരകൻ 10 പേരെ വോളന്റിയർമാരായി സ്റ്റേജിലേക്ക് ക്ഷണിച്ചു. പത്തുപേരുടെ കൈയ്യിലും ഓരോ ബലൂണുകൾ നൽകി. എല്ലാവരും അവരവർക്കു കിട്ടിയ ബലൂൺ ഊതിവീർപ്പിച്ച ശേഷം നന്നായി കെട്ടുക. ശേഷം എല്ലാവർക്കും ഓരോ ടൂത്ത് പിക്കുകൾ നൽകപ്പെട്ടു. ശേഷം അവതാരകൻ, ഇപ്പോൾ നിങ്ങളുടെ ഒരു കൈയ്യിൽ ബലൂണും മറു കൈയ്യിൽ ടൂത്ത് പിക്കുമുണ്ട്. നിങ്ങളുടെ പക്കൽ അഞ്ചു മിനിറ്റ് സമയവുമുണ്ട്. അഞ്ചു മിനിറ്റ് കഴിയുമ്പോൾ ആരുടെ പക്കലാണോ ബലൂൺ പൊട്ടാതെ അവശേഷിപ്പിക്കുന്നത് അവരായിരിക്കും വിജയി. നിങ്ങളുടെ സമയം ഇതാ ആരംഭിക്കുന്നു. അവതാരകന്റെ വിസിൽ മുഴങ്ങിയതും വോളന്റിയർമാർ ഓരോരുത്തരും സ്വന്തം ബലൂണുകൾ സുരക്ഷിതമാക്കാൻ ശ്രമിച്ചുകൊണ്ട് തൊട്ടടുത്ത് നിൽക്കുന്നയാളിന്റെ കയ്യിലെ ബലൂൺ കുത്തിപ്പൊട്ടിക്കാനുള്ള ശ്രമം തുടങ്ങി. സ്വന്തം ബലൂൺ പൊട്ടിയവർ കൂട്ടം ചേർന്ന് ബലൂൺ കയ്യിലുള്ളവരെ ആക്രമിച്ച് അവരുടെ ബലൂണുകളും പൊട്ടിച്ചു. ഒരു മിനിട്ടിനുള്ളിൽ എല്ലാവരുടെയും കൈയ്യിലെ ബലൂണുകൾ പൊട്ടി തീർന്നു.

ആരുടെയെങ്കിലും കയ്യിൽ ബലൂൺ പൊട്ടാതെ അവശേഷിച്ചിട്ടുണ്ടോ? പരിശീലകൻ ചോദിച്ചു. ഇല്ല എന്ന് എല്ലാവരും ഉത്തരം പറഞ്ഞു. ശേഷം പരിശീലകൻ തൊഴിലാളികളോട് ചോദിച്ചു. ഞാൻ നിങ്ങളോട് എന്തായിരുന്നു പറഞ്ഞത്. എല്ലാവരും ഏകസ്വരത്തിൽ മറുപടി പറഞ്ഞു. ആരുടെ കൈയ്യിലാണോ ബലൂൺ പൊട്ടാതിരിക്കുന്നത് അവർ വിജയിക്കും എന്നാണ് പറഞ്ഞത്. പരിശീലകൻ ചോദിച്ചു. നിങ്ങൾ എന്താണ് ചെയ്തത്. തൊഴിലാളികൾ പറഞ്ഞു. ഞങ്ങൾ പരസ്പരം ഓരോരുത്തരുടെയും ബലൂണുകൾ പൊട്ടിച്ചു. ഞങ്ങൾ പരസ്പരം പരാജയപ്പെടുത്തി. പക്ഷെ ബലൂൺ പൊട്ടാതെ സൂക്ഷിച്ചവർ ആരും ഇല്ലായിരുന്നു.

മറുപടിയെല്ലാം കേട്ട പരിശീലകൻ തൊഴിലാളികളോട് ഞാൻ നിങ്ങളോട് ആരെയും തോല്പിക്കുവാൻ പറഞ്ഞിരുന്നില്ല. ഞാൻ പറഞ്ഞത് നിങ്ങളിൽ ആരാണോ 5 മിനിട്ട് നേരം ബലൂൺ പൊട്ടാതെ സൂക്ഷിക്കുന്നത് അവർ വിജയിക്കും എന്നായിരുന്നു. എന്നാൽ നിങ്ങൾ മറുകൈയ്യിൽ സൂക്ഷിച്ചിരുന്ന ടൂത്ത് പിക്കുകൾ മറ്റുള്ളവരുടെ കൈയ്യിലെ ബലൂൺ കുത്തിപ്പൊട്ടിച്ചു. എല്ലാവർക്കും ജയിക്കാമായിരുന്നു. അവസരത്തെ നഷ്ടപ്പെടുത്തുകയാണ് ചെയ്തത്.

നമുക്ക് ആരെയും പരാജയപ്പെടുത്താതെ തന്നെ വിജയിക്കാം. എന്നാൽ നാം എന്താണ് ചെയ്യുന്നത്. മറ്റുള്ളവരെ എങ്ങനെ പരാജയപ്പെടുത്താം എന്ന് ഗവേഷണം നടത്തുന്നു. തോൽക്കുന്നവരെ കണ്ട് നാം അതിൽ ആനന്ദിക്കുന്നു. അതുകൊണ്ട് ആരെയും തോൽപിക്കാതെ വിജയിക്കാം എന്ന തത്വം നാം ഒരിക്കലും മറക്കരുത്.

# സൂചി,നിങ്ങളുടെ മൗനം വലിയ ആഴമുള്ളതാണ്; റോഹിങ്ക്യ വിഷയത്തിൽ ആങ് സാൻ സൂചിയെ വിമർശിച്ച് ഡസ്മണ്ട് ടുട്ടു



മ്യാൻമറിൽ റോഹിങ്ക്യ മുസ്ലിമുകൾക്കെതിരെ നടക്കുന്ന വംശഹത്യ അവസാനിപ്പിക്കാൻ അങ് സാൻ സൂചിയോട് ആവശ്യപ്പെട്ട് നോബേൽ പുരസ്കാര ജേതാവ് ഡസ്മണ്ട് ടുട്ടു. മ്യാൻമറിൽ റോഹിങ്ക്യകൾക്ക് നേരെ നടക്കുന്നത് നിർവചിക്കാൻ കഴിയാത്ത ക്രൂരതയാണെന്ന് മുൻ ആംഗ്ലിക്കൻ ആർച്ച് ബിഷപ് ടുട്ടു സൂചിയ്ക്ക് അയച്ച തുറന്ന കത്തിലൂടെ ചൂണ്ടിക്കാട്ടി. മ്യാൻമർ സുരക്ഷാ സൈന്യം നടത്തുന്ന കൂട്ട നരഹത്യ ഒരിക്കൽ ആത്മാർത്ഥ സഹോദരി എന്ന് വിളിച്ച സൂചിയ്ക്കെതിരെ വിമർശനം ഉന്നയിക്കാൻ ടുട്ടുവിനെ പ്രേരിപ്പിച്ചിരിക്കുകയാണ്.

എനിക്ക് വാർദ്ധക്യം ബാധിക്കുകയും റിട്ടയർ ചെയ്യുകയും ചെയ്തു,എന്നാൽ സമൂഹത്തിൽ നടക്കുന്ന തീവ്രമായ ക്രൂരതകളോട് പ്രതികരിക്കേണ്ടതുണ്ട്. വർഷങ്ങളായി എന്റെ പക്കൽ നിങ്ങളുടെ ഫോട്ടോഗ്രാഫുണ്ട്. അത് മ്യാൻമർ ജനയതയ്ക്ക് വേണ്ടി നിങ്ങൾ സഹിച്ച യാതനകളുടെ ഓർമ്മയ്ക്കായ് ഉള്ളതായിരുന്നു. നിങ്ങളുടെ സജീവ രാഷ്ട്രീയത്തിലേക്കുള്ള കടന്നുവരവ് റോഹിങ്ക്യകൾക്ക് നേരെ നടക്കുന്ന ക്രൂരതകൾ അവസാനപ്പിക്കാൻ സഹായിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിച്ചു. പക്ഷേ, ഞങ്ങളിപ്പോൾ കാണുന്നത് ക്രൂരമായ തുടച്ചു നീക്കലാണ്, സാമൂഹ്യ മാധ്യമത്തിലെഴുതിയ തുറന്ന കത്തിൽ അദ്ദേഹം പറയുന്നു.

ഇപ്പോൾ നടക്കുന്ന പ്രവൃത്തികൾ രാജ്യത്തിന്റെ ധാർമികതയ്ക്ക് നിരക്കാത്തതാണ്. നിങ്ങൾ മ്യാൻമർ പരമാധികാരത്തിന്റെ ഉന്നത പദവിയിൽ എത്തിയതിനുള്ള വില മൗനമാണെങ്കിൽ ആ വില വളരെ ആഴമുള്ളതാണ്,അദ്ദേഹം കുറിച്ചു. ലോകം ഒട്ടാകെ ഉയർന്നുവരുന്ന പ്രതിഷേധങ്ങൾക്കൊപ്പം താനും ചേരുന്നുവെന്ന് കുറിച്ചാണ് ടുട്ടു കത്ത് അവസാനിപ്പിക്കുന്നത്.

റോഹിങ്ക്യകൾക്ക് നേരെ നടക്കുന്ന അക്രമങ്ങളെ സംബന്ധിച്ച് തെറ്റായ വാർത്തകളാണ് പ്രചരിപ്പിക്കുന്നതെന്ന് കഴിഞ്ഞ ദിവസം സുചി പ്രതികരിച്ചിരുന്നു. തുർക്കി പ്രസിഡന്റ് റജബ് ത്വയിബ് ഉറുദുഗാനുമായി നടത്തിയ ടെലിഫോൺ സംഭാഷണത്തിലാണ് സൂചി നിലപാട് വ്യക്തമാക്കിയത്.

രഖൈൻ സംസ്ഥാനത്തെ ഏല്ലാ വിഭാഗം ജനങ്ങൾക്കും മ്യാൻമർ സർക്കാർ സംരക്ഷണം നൽകുന്നുണ്ട്. മനുഷ്യാവകാശ നിഷേധവും ജനാധിപത്യ സംരക്ഷണം ഇല്ലാതാകുന്നതിനെ കുറിച്ചും ഞങ്ങൾക്ക് വ്യക്തമായ അറിവും ബോധ്യവുമുണ്ട്. അതുകൊണ്ട് എല്ലാ വിഭാഗം ജനങ്ങൾക്കും അവരുടെ സാമൂഹികവും രാഷ്ട്രീയവും മാനുഷികവുമായ അവകാശങ്ങൾക്ക് ഈ രാജ്യത്ത് അർഹതയുണ്ടെന്ന് സൂചി വ്യക്തമാക്കി.

റോഹ്യങ്കൻ മുസ്ലിംകൾക്കെതിരായ മനുഷ്യാവകാശ ലംഘനത്തെ കുറിച്ച് സൂചി പ്രതികരിക്കണമെന്ന് പാകിസ്ഥാനിലെ നോബേൽ സമ്മാന ജേതാവ് മലാല യൂസഫ്സായ് ആവശ്യപ്പെട്ടിരുന്നു.

**Soul Winners India**
Bethel Bible Seminary
(Accredited to IATA & Affiliated with Brindon University, USA)


Late Rev. K. G. Easo
(Founder)

| Course | Duration | Qualification |
| --- | --- | --- |
| C.Th | 1 Year | 10th Class |
| D.Th | 2 Years | 10th Class |
| B.Th | 3 Years | +2 Pass |
| M.Div | 2 Years | B.Th or Degree |

(Regular and Distance Course Available **(Secular)**
(Admission Fees required for M.Div)


Pr. Santhosh Easo
(Director)

**Our Features**
- High qualified, experienced and committed faculty
- Calm and quite campus with spiritual atmosphere
- Daily spiritual activities
- Free accommodation, Food and study materials


GRADUATES AND FACULTY

FOR MORE INFORMATION AND APPLICATION WRITE TO:
The Registrar, Soul Winners India Bethel Bible Seminary
66/67, Veena Nagar, Prime City, Sukhliya
Indore - 452010, Madhyapradesh
Phone: 07314237434, 09893478488, 09497010138 (Kerala)

# ഗോരക്ഷാ അക്രമികൾക്കെതിരേ കർശന നടപടി വേണം, അനുഭാവികളെ ശക്തമായി നേരിടണം; ശക്തമായ നിലപാടുമായി സുപ്രീം കോടതി

ന്യൂഡൽഹി: ഗോരക്ഷയുടെ പേരിൽ രാജ്യത്ത് ഉണ്ടാകുന്ന അതിക്രമങ്ങൾക്കെതിരേ സുപ്രീം കോടതി. ഇത്തരം അക്രമങ്ങൾ നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര, സംസ്ഥാന സർക്കാരുകളോട് സുപ്രീംകോടതി ആവശ്യപ്പെട്ടു. ഇത്തരം അതിക്രമങ്ങൾ നടക്കുന്നില്ലെന്ന് ചീഫ് സെക്രട്ടറിമാർ ഉറപ്പുവരുത്തണമെന്നും നിർദേശിച്ചു. ഗോ സംരക്ഷകരെയും അവരോട് അനുഭാവം പ്രകടിപ്പിക്കുന്നവരെയും ശക്തമായി നേരിടാനും സുപ്രീംകോടതി നിർദേശിച്ചു.

ഗോസംരക്ഷകർക്കെതിരെ നടപടിയെടുക്കുന്നതിനായി ഒരാഴ്ചയ്ക്കകം പ്രത്യേക ദൗത്യസേനയെ നിയമിക്കാനും കോടതി ഉത്തരവിട്ടു. ഇത് സംബന്ധിച്ച് ജില്ലാ പോലീസ് മേധാവിമാർക്ക് നിർദേശം നൽകണമെന്നു പറഞ്ഞ കോടതി ജില്ലാ പോലീസ് മേധാവിമാരെ ഇത്തരം അതിക്രമങ്ങൾക്കെതിരെയുള്ള പ്രവർത്തനങ്ങളുടെ നോഡൽ ഓഫീസർമാരാക്കമെന്നും വ്യക്തമാക്കി.

ഹൈവേ പട്രോളിംഗ് ശക്തമാക്കണമെന്നും എടുത്ത നടപടികൾ സംബന്ധിച്ച് ചീഫ് സെക്രട്ടറിമാർ സത്യവാംഗ്മൂലം നൽകണമെന്നും കോടതി നിർദേശിച്ചിട്ടുണ്ട്.

# ബധിരർക്കും സഭ

കെനിയ: നമ്മുടെ സമൂഹത്തിൽ പാർശ്വവത്ക്കരിക്കപ്പെട്ട ഒട്ടനവധി വിഭാഗങ്ങൾ നിലനിൽക്കുന്നുണ്ട്. അവരിൽ അംഗപരിമിതി നിമിത്തം പാർശ്വവത്ക്കരിക്കപ്പെട്ടവരും ഉണ്ട്. അങ്ങനെ അംഗപരിമിതത്വം നിമിത്തം പാർശ്വവത്ക്കരിക്കപ്പെട്ട പ്രധാനപ്പെട്ട രണ്ടുവിധ അംഗപരിമിതരാണ് ബധിരരും, അന്ധരും. ഇവരിൽ അന്ധരായവർക്ക്, അംഗപരിമിതി ഇല്ലാത്തവരുടെ കൂട്ടത്തിലും ഇരുന്ന് കേൾക്കാൻ കഴിയുന്നതാണ്. ഒപ്പം അന്ധർക്ക് ഉപയോഗിക്കാവുന്ന ലിബികളും മറ്റ് പഠന സഹായികളും സുലഭമാണ്. എന്നാൽ ഇവിടെ ബധിരർക്ക് ഇത്തരം സംവിധാനങ്ങൾ പൊതുവേ ഇല്ലാത്തതാണ്.

ഈ അവസരത്തിലാണ് സോൾ ഇന്റർ നാഷണൽ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ബധിരർക്കുള്ള ബൈബിളും ചർച്ചും തുടങ്ങിയിരിക്കുന്നത്. കെനിയയിൽ ഇത്തരത്തിൽ രണ്ട് ചർച്ചുകളാണ് ആരംഭിച്ചിരിക്കുന്നത്. ലോകത്താകമാനമായി 400-ഓളം ആഗ്യഭാഷാ രീതികൾ നിലവിലുണ്ട്. ഇവ സമന്വയിപ്പിച്ചുള്ള ഒരു ബൈബിളിന്റെ നിർമ്മാണത്തിലാണ് സ്റ്റാർ ഇന്റർനാഷണൽ.

# നേഴ്സിനെ പുറത്താക്കി

ഇംഗ്ലണ്ട്: തനിക്ക് വേണ്ടി പ്രാർത്ഥിച്ചു എന്ന് ക്യാൻസർ രോഗി പരാതി പറഞ്ഞതിനെ തുടർന്ന് നേഴ്സിനെ ഹോസ്പിറ്റൽ അതികൃതർ ജോലിയിൽ നിന്നും പുറത്താക്കി.

ഇംഗ്ലണ്ടിലെ കെൻന്റ് എന്ന സ്ഥലത്താണ് സംഭവം. ക്യാൻസർ ബാധിതനായ ഒരു രോഗി, തന്റെ ഓപ്പറേഷൻ വിധേയമാകുന്ന വേളയിൽ നടന്ന സംഭവമാണ് ഇതിനാധാരം. രോഗിയെ ഓപ്പറേഷന് വിധേയമാക്കുന്ന ഇടവേളയിലാണ് നഴ്സായ സാറ രോഗിയോട് പ്രാർത്ഥനയിലൂടെയുള്ള സൗഖ്യത്തെ കുറിച്ച് പറഞ്ഞത്. തൊട്ടടുത്തു കിടന്ന രോഗിയും ഈ കാര്യം സ്ഥിതീകരിച്ചതിനെ തുടർന്നാണഅ അതികൃതർ നടപടി സ്വീകരിച്ചത്. ജോലിയിൽ നിന്ന് പുറത്താക്കുംവിധം ഒരു കുറ്റവും ചെയ്



തിട്ടില്ലെന്ന് നേഴ്സ് പറയുന്നു. ഓപ്പറേഷന് വിധേയമാകുന്നവരെ വിവിധ സംഭാഷണത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച്, അവരുടെ മനസിനെ തണുപ്പിക്കുന്ന വർത്തമാനങ്ങൾ സാധാരണ എല്ലാ രോഗികളോടും ചെയ്യുന്നതാണെന്നും, അതികൃതരുടെ ഈ നടപടി തെറ്റാണെന്നുമാണ് നേഴ്സ് പറഞ്ഞത്.

# ദുബായ് വൈ. പി .ഇ വിദ്യാഭ്യാസ സെമിനാർ

ദുബായ്: ചർച് ഓഫ് ഗോഡ് വൈ. പി .ഇ ആഭിമുഖ്യത്തിൽ ദുബായ്ട്രിനിറ്റി ചർച് ഹാളിൽ വിദ്യാഭ്യാസ സെമിനാർ നടത്തി. പ്രഭാഷകനും, എഴുത്തുകാരനുമായ ഡഗ്ളസ് ജോസഫ് ''പേരെന്റിങ്ങിലെ വെല്ലുവിളികളും കുട്ടികളുടെ പഠനക്രമവും'' എന്ന വിഷയത്തിൽ സംസാരിച്ചു. ബ്ലൂവെയിലിനേക്കാൾ വലിയ അപകടങ്ങൾ ഇന്റർനെറ്റിൽ നമ്മുടെ കുട്ടികളെ നശിപ്പിക്കാൻ കെണിയുമായി കാത്തിരിക്കുന്നു എന്ന് അദ്ദേഹം പറഞ്ഞു.ഇന്റർനെറ്റ്, മൊബൈൽ, ഗെയിമുകൾ, സോഷ്യൽ മീഡിയ തുടങ്ങിയവ കുട്ടികളെ അടിമത്തത്തിലേക്ക് നയിക്കുന്ന ഈ കാലഘട്ടത്തിൽ, മാതാപിതാക്കൾ ജാഗ്രത പുലർത്തേണ്ടതുണ്ട്.



പഠനഭാരം, മാനസിക സമ്മർദ്ദം തുടങ്ങിയ കുട്ടികളെ ബാധിക്കുന്നത് ഒഴിവാക്കാൻ ശാസ്ത്രീയമായ പഠനരീതി സ്വീകരിക്കുന്നത് അഭികാമ്യമാണ്. കുട്ടികളിൽ അമിത പ്രതീക്ഷകൾ വച്ചുപുലർത്തി, അവരെ സമ്മർദ്ദത്തിൽ ആക്കാതെ പഠനം ആഹ്ലാദകരമായ ഒരു പ്രക്രിയയായി മാറ്റണം. സഭാ പാസ്റ്റർ ബിജു ജോസഫ്, സെക്രട്ടറി ഡോ. ബേബി ജോൺ,വൈ. പി .ഇ സെക്രട്ടറി ജോജി, ഷാജു ജോൺ,ജോബി, ജിജോ,ഡിബി എന്നിവർ നേതൃത്വം നൽകി.

# ക്രിസ്തീയ സാഹിത്യ പത്രപ്രവർത്തക കൂട്ടായ്മയ്ക്കു തുടക്കമായി

കടുത്തുരുത്തി: ക്രിസ്തീയ എഴുത്തുകാരുടെയും പത്രപ്രവർത്തകരുടെയും കൂട്ടായ്മയായ അസ്സോസിയേഷൻ ഓഫ് ക്രിസ്ത്യൻ തിങ്കേഴ്സിനു (ACT) തുടക്കമായി. സെപ്റ്റംബർ 25 ന് കടുത്തുരുത്തിയിലുള്ള ഐപിസി വൈക്കം സെന്ററിന്റെ ഓഫീസിൽ നടന്ന പ്രഥമ യോഗത്തിൽ വിവിധ ക്രൈസ്തവ പത്രങ്ങളുടെ ഭാരവാഹികളും എഴുത്തുകാരും സംബന്ധിച്ചു. ബ്രദർ കെ. എൻ. റസ്സൽ അധ്യക്ഷത വഹിച്ചു.

പത്രപ്രവർത്തകരും എഴുത്തുകാരും നേരിടുന്ന വെല്ലുവിളികളെ ഒരുമിച്ചു നിന്ന് നേരിടുന്നതിനും പരസ്പരം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഒരു കൂട്ടായ്മ എന്ന നിലയിലാണ് ഇതാരംഭിക്കുന്നത് എന്നും സാമൂഹിക തിന്മകൾക്കെതിരെ പ്രതികരിക്കുകയും വളർന്നു വരുന്ന എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുക എന്നിവയാണ് ലക്ഷ്യമെന്നും അദ്ധ്യക്ഷൻ പ്രസ്താവിച്ചു. പാസ്റ്റർ രാജു ആനിക്കാട് ഉദ്ദേശ്യലക്ഷ്യങ്ങൾ വിവരിച്ചു. പാസ്റ്റർ അനിൽ കൊടിത്തോട്ടം ചർച്ചകൾക്കു നേതൃത്വം നൽകി. രണ്ടു വർഷത്തേക്കുള്ള ഭാരവാഹികളായി ബ്രദർ തോമസ് വടക്കേക്കൂറ്റ് (രക്ഷാധികാരി), ബ്രദർ കെ. എൻ. റസ്സൽ (പ്രസിഡന്റ്), പാസ്റ്റർ ജെ. ജോസഫ്, പാസ്റ്റർ വർഗീസ് മാത്യു (വൈസ് പ്രസിഡന്റുമാർ), പാസ്റ്റർ രാജു ആനിക്കാട് (ജനറൽ സെക്രട്ടറി), പാസ്റ്റർ ഷിബു കെ. മാത്യു (ട്രഷറാർ), ബ്രദർ സജി ഫിലിപ്പ് തിരുവഞ്ചൂർ (സെക്രട്ടറി), ബ്രദർ സാംകുട്ടി മാത്യു (പ്രസ് സെക്രട്ടറി), മാത്യു പാലത്തുങ്കൽ (മീഡിയാ കൺവീനർ), പാസ്റ്റർ സന്തോഷ് ജോസഫ്, ബ്രദർ പീറ്റർ ജെയിംസ് (ഓൺലൈൻ കോഡിനേറ്റേഴ്സ്) എന്നിവരെയും കമ്മറ്റി അംഗങ്ങളായി ബ്രദർ ജെയ്സ് പാണ്ടനാട്, പാസ്റ്റർ അനിൽ കൊടിത്തോട്ടം, പാസ്റ്റർ സി. സി. ജോണി, പാസ്റ്റർ മാർട്ടിൻ വർഗീസ്, ബ്രദർ ഷാനവാസ് എസ്., പാസ്റ്റർ സജി നെടുങ്കണ്ടം, പാസ്റ്റർ ഷൈജു ഞാറയ്ക്കൽ എന്നിവരെയും തിരഞ്ഞെടുത്തു.

# ഗ്രീൻ റേഡിയോ സംപ്രേഷണം ആരംഭിച്ചു

ഫീനിക്സ്: പുതു ജീവിതം എന്ന സന്ദേശവുമായി ലോകമെമ്പാടുമുള്ള ശ്രോതാക്കൾക്കു എച്ച് ഡി ശ്രവ്യ മികവോടെ 24 മണിക്കൂർ പ്രക്ഷേപണത്തിലൂടെ ക്രൈസ്തവ മാധ്യമരംഗത്തു ഒരു പുതിയ ചുവടുവയ്പ്പിനു തയ്യാറെടുക്കുന്ന ഗ്രീൻ റേഡിയോ സെപ്റ്റംബർ 25 ന് സംപ്രേഷണം ആരംഭിച്ചു. ഗ്രീൻ മിനിസ്ട്രിക്സ് നേതൃത്വം നൽകുന്ന ഈ റേഡിയോയിലൂടെ പഴയതും പുതിയതുമായ ക്രിസ്തീയ ഭക്തിഗാനങ്ങൾ, ധ്യനാചിന്തകൾ, നാടകങ്ങൾ, കുട്ടികൾക്കുള്ള വിവിധ പരിപാടികൾ മുതലായവ ഉൾപ്പെടുത്തിയിട്ടുണ്ട്.




www.greenradiolive.com

The Soul Winner
P. O. Box - 597232, Chicago IL, 60659, USA
Email: editor.swi@gmail.com
Phone: -91 479 2356706, +91 9981571723



# കഴിക്കുന്ന ഭക്ഷണവും ധരിക്കുന്ന വസ്ത്രവും നോക്കുന്നതല്ല ഹിന്ദുത്വം; ബിജെപിയെയും ഹിന്ദു സംഘടനകളെയും തള്ളി ആർഎസ്എസ്

ന്യൂഡൽഹി: ഹിന്ദുത്വം അതിലേക്ക് ആളെ സ്വീകരിക്കുന്നതെന്ന് ഒരാളുടെ ഭക്ഷണമോ വസ്ത്രമോ നോക്കിയല്ലെന്ന് ആർഎസ്എസ് തലവൻ മോഹൻ ഭഗവത്. സദാചാര പോലീസിംഗും അസഹിഷ്ണുതയും വിഷയമാക്കിയുള്ള നടപ്പ് രാഷ്ട്രീയവുമായി ബന്ധപ്പെട്ട ചർച്ചയിലായിരുന്നു മോഹൻ ഭഗവതിന്റെ പ്രസ്താവന.

ബീഫിന്റെയും പശുവിന്റെയും പേരിൽ ഹിന്ദുത്വവാദികളാൽ ആൾക്കാർ കൊല്ലപ്പെടുകയും വ്യാപകമായി ആക്രമിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിലാണ് ബിജെപിയേയും മറ്റ് ഹിന്ദു സംഘടനകളുടെയും നിലപാടിനെ തള്ളി രംഗത്ത് വന്നത്. ബിജെപി ജനറൽ സെക്രട്ടറി രാം മാധവിന്റെ ഇന്ത്യാ ഫൗണ്ടേഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട 50 രാജ്യങ്ങളിൽ നിന്നുള്ള അംബാസഡർമാരും നയതന്ത്രപ്രതിനിധികളും പങ്കെടുത്ത ചടങ്ങിൽ നടന്ന ചോദ്യോത്തര വേളയിലായിരുന്നു മോഹൻ ഭഗവത് പങ്കെടുത്തത്.



ഹിന്ദുത്വം ഒരാൾ എന്തു ധരിക്കുന്നു എന്തു കഴിക്കുന്നു എന്ന് നോക്കാതെ അവരെ അവരായി തന്നെ സ്വീകരിക്കുന്നതാണ്. ഹിന്ദുത്വം ഒരു തരത്തിലുമുള്ള പ്രത്യേക വേഷഭൂഷാദിയെ കുറിച്ചോ പ്രത്യേക ഭക്ഷണത്തെക്കുറിച്ചോ പറയുന്നില്ല. എപ്പോഴും മാറിക്കൊണ്ടിരിക്കുന്നു എന്നത് തന്നെയാണ് ഹിന്ദുത്വത്തിന്റെ ഗുണമെന്നും മോഹൻ ഭഗവത് പറഞ്ഞു. ഗോമാംസത്തിന്റെ പേരിൽ ബിജെപി യും സംഘപരിവാറും വൻ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന സാഹചര്യത്തിൽ ഇവരെ പിന്നോട്ടടിക്കുന്നതാണ് ആർഎസ്എസ് തലവന്റെ പ്രസ്താവന. പശുവിന്റെ പേരിൽ നാട്ടിൽ നടക്കുന്ന അക്രമങ്ങൾ ന്യായീകരിക്കാനാകില്ലെന്ന് നേരത്തേ നരേന്ദ്രമോഡി പറഞ്ഞതിന് തൊട്ടുപിന്നാലെയാണ് മോഹൻഭഗവതും രംഗത്ത് വന്നത്.

ആർഎസ്എസും ബിജെപിയും പരസ്പര സഹകരണമുള്ള പ്രസ്ഥാനങ്ങൾ എന്നതിനപ്പുറത്ത് അവരവരുടേതായ തീരുമാനങ്ങളുള്ള രണ്ടു ഭിന്ന സംഘടനകളാണെന്നും മോഹൻ ഭഗവത് പറഞ്ഞു. സംഘ് ബിജെപിയെയോ ബിജെപി സംഘനെയോ പ്രവർത്തിപ്പിക്കുന്നില്ല. ചിലപ്പോൾ ബിജെപിയ്ക്കും സംഘിനും പൊതു അജണ്ഡകൾ ഉണ്ടാകുന്നത് മനപ്പൂർവ്വം രൂപപ്പെടുത്തുന്നതല്ലെന്നും വ്യക്തമാക്കി. നല്ല മനുഷ്യരെ സൃഷ്ടിക്കുകയാണ് ആർഎസ്എസ് ചെയ്യുന്നത്. ആരോഗ്യ, വിദ്യാഭ്യാസ, പ്രദേശിക വികസന മേഖലയിൽ 1.7 ലക്ഷം സേവന പദ്ധതികൾ ആർഎസ്എസ് നടത്തുന്നുണ്ട്. ആർഎസ്എസ് ശാഖകൾ ഏറ്റെടുത്ത പദ്ധതികളും സന്ദർശിക്കാറുമുണ്ടെന്നും പറഞ്ഞു.

# ഏബ്രഹാം ലിങ്കണെ തിരിച്ചു വിളിക്കുന്നു

അമേരിക്ക: അമേരിക്കയിൽ 200 കി.മി വേഗത്തിൽ ആഞ്ഞു വീശിയ കൊടുങ്കാറ്റിൽ രാജ്യത്തുണ്ടായ അനിഷ്ടസംഭവങ്ങൾ, അമേരിക്കയെ തന്നെ ഭീതിയിലാഴ്ത്തിയിരിക്കുകയാണ്. രാജ്യത്തുണ്ടായ കൊടുങ്കാറ്റിന്റെ ആഘാതത്തിൽ സംഭവിച്ച നഷ്ടം അതിഭയങ്കരമാണ്. ഇതേ തുടർന്ന് ആഘാതമേറ്റ സ്ഥലങ്ങളിലെ ആളുകൾക്ക് ആവശ്യമായ സഹായങ്ങൾ ഗവൺമെന്റും ഇതര സംവിധാനങ്ങളും വളരെ കാര്യക്ഷമമായ രീതിയിൽ ചെയ്തുകൊണ്ടിരിക്കുകയാണ്. രാജ്യത്തുള്ള എല്ലാ ക്രൈസ്തവ ദേവാലയങ്ങളിലും ഇതിനായി പ്രത്യേകം പ്രാർത്ഥനകളും നടത്തി. പ്രസിഡന്റും, ഭാര്യയും വാഷിംങ്ടൺ ഡിസിയിലെ എപ്പിസ്ക്കോപ്പൽ ചർച്ച് ആയ സെന്റ് ജോൺസ് പള്ളിയിൽ നടത്തിയ പ്രാർത്ഥനയിൽ പങ്കെടുക്കുകയും ചെയ്തിരുന്നു.

അമേരിക്കയുടെ മുൻ പ്രസിഡന്റായിരുന്ന ഏബ്രഹാം ലിങ്കൺ 1863 ൽ രാജ്യത്തുണ്ടായ ആഭ്യന്തര കലാപത്തെത്തുടർന്ന് ഗത്യന്തരമില്ലാതായി. 1863 മാർച്ച് മാസം 30-ാം തീയതി, ദൈവത്തിങ്കലേക്ക് മടങ്ങി വരാം എന്ന പേജിൽ രാജ്യത്താകമാനം പ്രാർത്ഥന സംഗമം നടത്തിയത് രാജ്യം ഇന്ന് ആവേശപൂർവ്വം സ്മരിക്കുകയാണ്. അത് കേവലം ഒരു പ്രാർത്ഥനയല്ലായിരുന്നു, ഉപവാസ പ്രാർത്ഥന തന്നെ ഏബ്രഹാം ലിങ്കൺ സംഘടിപ്പിച്ചിരുന്നു.

# കുട്ടികളെ ആരാധനയ്ക്ക് വിലക്കി സർക്കാർ




ചൈന: ആഗോള വ്യാപകമായി ക്രൈസ്തവ സഭ കൊടും പീഢനത്തിന് ഇരയാകുന്നു എന്നത് വാർത്തക്കപ്പുറം വസ്തുതയാണ്. പ്രതിദിനം ഈ വാർത്തകൾ നാം ധാരാളം കേൾക്കുകയുമാണ്. ചൈനയിൽ ക്രൈസ്തവ പീഢനത്തിന്റെ രീതി മറ്റൊന്നാണ്. ഗവൺമെന്റ് തന്നെ ഒന്നൊന്നായി ക്രൈസ്തവ വളർച്ചയെ തടയിടുവാൻ നേരിട്ട് ശ്രമിക്കുകയാണ്. കഴിഞ്ഞ കുറെ വർഷമായി ഇത് സംബന്ധിച്ച പല വാർത്തകളും റിപ്പോർട്ട് ചെയ്തിരുന്നു. കുട്ടികളെ ആരാധനയിൽ പങ്കെടുപ്പിക്കുന്നതിൽ നിന്നും സഭകളെ വിലക്കുന്ന പുതിയ ഉത്തരവിറക്കിയിരിക്കുകയാണ് ചൈനീസ് സർക്കാർ. ഹൗസ് ചർച്ചുകൾ ഉൾപ്പടെ, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ചർച്ചുകൾ അടപ്പിക്കുന്ന നടപടികൾക്ക് പുറമെയാണ് ഇപ്പോൾ ചൈന സർക്കാർ ഈ ഉത്തരവിറക്കിയിരിക്കുന്നത്.

വെൻസോഹു, സിങ്ങാംങ് പ്രൊവിൻസിലെ അധികൃതരാണ് കുട്ടികളെ ആരാധനയ്ക്ക് പങ്കെടുപ്പിക്കുന്നതിൽ നിന്നും സഭകളെ വിലക്കുന്ന ഉത്തരവിറക്കിയിരിക്കുന്നത്. ഇത് ഗൂഢലക്ഷ്യത്തിന്റെ ഭാഗമായിട്ടുള്ളതാണ്. അടുത്ത തലമുറയെ തന്നെ ക്രിസ്ത്യാനിത്വത്തിൽ നിന്നും അകറ്റാനുള്ള തന്ത്രമാണ്.

# മദർ ഹൊറാർ ഫിലിം ബൈബിൾ അടിസ്ഥാനത്തിൽ: ജെനിഫർ ലോറൻസ്

കാലിഫോർണിയ: സുപ്രസിദ്ധ സിനിമാ സംവിധായകൻ ഡാരൻ ആരോനോഫ്സകേ നിർമ്മിച്ച മദർ എന്ന ഹൊറർ സിനിമ, ബൈബിൾ അടിസ്ഥാനത്തിൽ തയ്യാറാക്കിയതെന്ന് പ്രശസ്ത നടി ജെനിഫർ ലോറൻസ്. ഈ സിനിമയിലെ കേന്ദ്ര കഥാപാത്രത്തെ അവതരിപ്പിച്ച നടികൂടിയാണ അ ജെനിഫർ. സംവിധായകൻ ഡാരന്റെ ഗേൾ ഫ്രണ്ട് കൂടിയാണ് ജെന്നിഫർ. കഥയും ഡാരന്റെ തന്നെ സൃഷ്ടിയാണ്.



മദർ എന്ന പേരിന് മുമ്പ് 6-ാം ദിവസം എന്നായിരുന്ന സിനിമയുടെ പേര്. ബൈബിളിൽ 6-ാം ദിവസമാണ് മനുഷ്യനെ സൃഷ്ടിച്ചതായി പറയുന്നത്. എന്നാൽ പിന്നീട് മറ്റ് കാരണത്താലാണ് മദർ എന്ന് സിനിമയക്ക് പേര് നൽകിയത്. മദർ എന്ന നാമകരണത്തിലേക്ക് മാറാൻ കാരണം സിനിമയിൽ ഭൂമിയെ മാതാവായാണ് പേർ ചാർത്തപ്പെട്ടുന്നത്.ആ അമ്മ ബരാൽക്കാരം ചെയ്യപ്പെടുന്നതായാണ് കഥാസാരം. ആദവും, ഹവ്വയും, കയ്യീനും, ഹാബേലും നോഹയുമെല്ലാം ചിത്രത്തിലെ കഥയിൽ ഉണ്ട. ഈ ബൈബിൾ കഥാപാത്രങ്ങളിൽ പലതും ചെയ്തു പാപം ചെയ്ത പാപം നിന്നെ ഭൂമിക്കുന്നുണാക്കുന്ന ദുരന്തമാണ് ചിത്രത്തിലെ കഥാസാരം.

Soul Winners India
BETHEL PRAYER TOWER
Arannottimangalam P.O, Mavelikara, Alappuzha Dist
Kerala Pin: 690110.
BRING YOUR ANY PRAYER REQUEST WE ARE READY TO PRAY ANY TIME
For Contact : 0479-2356706, 09497010138, 09893478488
E-mail: swibethelprayertower@gmail.com

സോൾ വിന്നേഴ്സ് ഇൻഡ്യ ബെഥേൽ ബൈബിൾ സെമിനാരി

## എംഡിവ് കോഴ്സിന് അപേക്ഷകൾ ക്ഷണിക്കുന്നു

ഇൻഡോർ: സോൾ വിന്നേഴ്സ് ഇൻഡ്യ ബെഥേൽ ബൈബിൾ സെമിനാരിയുടെ എം.ഡിവ് കോഴ്സിന്റെ ക്ലാസുകൾ ജൂൺ മാസം മുതൽ ആരംഭിച്ചു. വിദൂര വിദ്യാഭ്യാസം ചെയ്യുവാൻ ആഗ്രഹിക്കുന്ന, സുവിശേഷ പ്രവർത്തകർ, ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവർ, റെഗുലർ കോഴ്സിൽ പങ്കെടുക്കുവാൻ കഴിയാത്തവർ, എന്നിവർക്ക് പഠിക്കുവാനുള്ള സുവർണ്ണാവസരം ആണിത്. തുശ്ചമായ വാർഷിക ഫീസോടെ രണ്ട് വർഷത്തെ കോഴ്സാണ് ക്രമീകരിച്ചിരിക്കുന്നത്. ഐഎറ്റിഎയുടെയും ബ്രണ്ടൻ യൂണിവേഴ്സ്റ്റിയുടെയും അംഗീകാരത്തിലാണ് കോഴ്സുകൾ നടത്തപ്പെടുന്നത്. 09497010138, 09873478488 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

## സോൾ വിന്നേഴ്സ് ഇൻഡ്യ ഫൗണ്ടേഷൻ ബഥേൽ ബൈബിൾ സെമിനാരി എംഡിവ് & ബിറ്റിഎച്ച് സെമിനാറും ക്ലാസ്സുകളും



പാസ്റ്റർ സന്തോഷ് ഈശോ (ഡയറക്ടർ) പ്രാർഥിച്ച് ആരംഭിക്കുന്നു





പാസ്റ്റർ ജോബിൻ വർഗീസ് (ബിറ്റിഎച്ച് ക്ലാസ്)



റവ. സോളമൻ എസ്. രക്ഷാകർ (എംഡിവ് ക്ലാസ്)



റവ. സോളമൻ എസ്. രക്ഷാകർ & ഡോ. ഡി. എസ് പളാസ്കർ





പാസ്റ്റർ ബിജുമോൻ

ബൈബിൾ സർവ്വേ പഠനം

സെപ്റ്റംബർ 7, 8, 9 തീയതികളിലായി നടന്ന ബൈബിൾ സർവ്വേ പഠനം വളരെ കൗതുകം ഉളവാക്കുന്നതായിരുന്നു. സാധാരണയായി ബൈബിൾ സർവ്വേ പഠനം വളരെ പ്രയാസമുള്ള ഒന്നാണ്. 66 പുസ്തകങ്ങളുടെയു പേരുകളും, എഴുത്തുകാർ, എഴുതിയ കാലഘട്ടം, വിഷയ വിഭജനം ഇതെല്ലാം കൂടിച്ചേർന്ന് പഠിപ്പിക്കുകയും, പഠിക്കുകയും ചെയ്യുന്നത് വളരെ ആയാസകരമാണ്. വാക്ക് ത്രൂ ബൈബിളിന്റെ വെസ്റ്റ് സോണൽ ഡയറക്ടർ ഡോ. പളാസ്ക്കറും, എം.പി ചത്തിസ്ഗഡ് കോർഡിനേറ്റർ റവ.സോൾമൻ എസ് രക്ഷാകരും നടത്തിയ ക്ലാസുകൾ തികച്ചും വ്യത്യസ്തമായിരുന്നു. ആക്ഷനിലൂടെയായിരുന്നു പഴയനി



റവ. എസ്. സുഭാഷ്



# ഡോ. കെ. ജി. ഈശോ മെമ്മോറിയൽ മൊമന്റോ വിതരണം
























ഡോ. കെ. ജി ഈശോ ഫൗണ്ടേഷൻ
സോൾ വിന്നേഴ്സ് ഇന്ത്യ ഫൗണ്ടേഷൻ സ്ഥാപക ഡയറക്ടർ ഡോ. കെ. ജി ഈശോയുടെ സ്മരണാർത്ഥം, സോൾ വിന്നേഴ്സ് ഇന്ത്യയിൽ ദീർഘകാലമായി പ്രവർത്തകരായിരുന്നവർക്ക് ഫലകങ്ങൾ, ക്യാഷ് അവാർഡും വിതരണം ചെയ്തു.
സോൾ വിന്നേഴ്സ് ഇന്ത്യ ഫൗണ്ടേഷന്റെ ഇപ്പോഴത്തെ പ്രസിഡന്റ് പാസ്റ്റർ സന്തോഷ് ഈശോ ആണ് മൊമന്റോയും, ക്യാഷ് അവാർഡുകളും വിതരണം ചെയ്തത്.
സെപ്റ്റംബർ 10- ാം തീയതി ഞായറാഴ്ച വൈകുന്നേരം 5.30 ന് ആന്ധ്രപ്രദേശിന്റെ കോർഡിനേറ്ററും, നെതാലി ബൈബിൾ കോളജിന്റെ റജിസ്ട്രാറുമായ പാസ്റ്റർ ഏണസ്റ്റ് പോൾ അദ്ധ്യക്ഷത

# സംയുക്ത സഭായോഗത്തിന്റെയും മാസയോഗത്തിന്റെയും വിവിധ ദൃശ്യങ്ങൾ


അധ്യക്ഷൻ




ക്വയർ


സങ്കീർത്തനവായന


പ്രബോധനം


സാക്ഷ്യം


സാക്ഷ്യം


വചനശുശ്രൂഷ


വചനശുശ്രൂഷ




രോഗികൾക്കായുള്ള പ്രാർഥന

സംയുക്ത സഭായോഗവും മാസയോഗവും 10-ാം തീയതി ഞായറാഴ്ച ഇൻഡോറിലെ സോൾ വിന്നേഴ്സ് ഇന്ത്യയുടെ വിവിധ സഭകളുടെ സംയുക്ത സഭായോഗവും, മാസയോഗവും നടന്നു. ഈ സഭായോഗത്തിൽ എം.ഡിവ്, ബി.റ്റി.എച്ച് കോളെജ് വിദ്യാർത്ഥികളും പങ്കെടുത്തു.
പാസ്റ്റർ ഡമർ സിങ് സഭായോഗത്തിന്റെ അധ്യക്ഷനായിരുന്നു. സോൾ വിന്നർ ക്വയർ ആരാധനയ്ക്ക് നേതൃത്വം നൽകി.
പാസ്റ്റർ നിഥിൻകുമാർ മസി സങ്കീർത്തന പ്രബോധനവും, പാസ്റ്റർമാരായ ലാസർ, ഏണസ്റ്റ് പോൾ എന്നിവർ സാക്ഷ്യങ്ങളും പ്രസ്താവിച്ചു.
നേപ്പാളിലെ പാസ്റ്റർമാരുടെ പ്രത്യേക ഗാനത്തിന് ശേഷം പാസ്റ്റർ എസ്.വി ജെയിംസ്, പാസ്റ്റർ സന്തോഷ് ഈശോ എന്നിവർ വചനം ശുശ്രൂഷിച്ചു.

# വിവിധ ക്ലാസുകളിലെ ഗ്രൂപ്പ് ഫോട്ടോയും മറ്റ് ദൃശ്യങ്ങളും















